

Jan - Mar 2019

# Diocesan Darpan

## LENT
Pray. Fast. Give.

"Even now," declares the LORD, "return to me with all your heart, with fasting and weeping and mourning."

Joel 2:12

*Quarterly Magazine of*

**DIOCESE OF CALCUTTA**

Malankara Orthodox Syrian Church

# 11th Annual Remembrance Day of Late Lamented Dr. Stephanos Mar Theodosius


Holy Benediction


Dhoopa Prarthana


Mar Theodosius Memorial Biennial award presented to Padma Shri Dharampal Saini



19th Annual Conference of Marth Mariam Vanitha Samajam at CCET, Bhilai


Inauguration of newly constructed parish hall, Raigarh Church


Remembrance of patrons St. Thomas.
St. Thomas Orthodox Theological Seminary, Nagpur

# Diocesan Darpan

**Quarterly Magazine of Calcutta Diocese**

MALANKARA ORTHODOX SYRIAN CHURCH

January- March 2019 Vol. X, Issue-I








കർമ്മവേദിയിൽ പത്ത് വർഷം പിന്നിടുന്ന ശ്രേഷ്ഠാചാര്യൻ. — 05
ഫാ. കെ.ഐ. വർഗീസ്

The Will of God — 06
Joseph Cherian

07 — The Great Lent: An Introduction
Metropolitan Dr. Joseph Mar Dionysius SST

നോമ്പ് — 10
ഫാ. ഏലിയാസ് കെ. വി

11 — നോമ്പിന് ഒരു ആമുഖം
ഫാ. യോഹന്നാൻ

ഉപവാസം : പിതാക്കന്മാരുടെ പഠനം. — 13
സമ്പാ: ഫാ. അജു. കെ. വർഗീസ്, ഭിലായ്

15 — നോമ്പനുഷ്ഠാനം വചനത്തിലൂടെ.
ലൂദിയ സിസ്റ്റർ

നോമ്പിലൂടെ ഒരു യാത്ര. — 17
ഗീതു ഹന്ന ജോൺ.

19 — THE SACRAMENT OF HOLY CONFESSION
Febin Mathew Philip

കുഞ്ഞുഞ്ഞിന്റെ കുണ്ഠിതങ്ങൾ — 20
ബാബു, ജംഷഡ്പൂർ



Cover Design & Layout
**Michael Fernandez, Fr. Aju K. Varghese**
Printed at
**Santhome Muscat Printers**
Kailash Nagar, Bhilai (C.G.)



For Contact
**Fr. Aju K Varghese**
St. Thomas Mission
Kailash Nagar, Bhilai
Chhattisgarh 490026
diocesandarpan@gmail.com
ajuachenkattanam@gmail.com
09993369665


www.calcuttadiocese.org

: Calcutta Diocese
: Diocese of Calcutta


**EDITORIAL BOARD**

*Patron*
**H.H. Baselios Marthoma Paulose II**
Catholicos
*President*
**H.G. Dr. Joseph Mar Dionysius**
*Chief Editor*
**Fr. Dr. Abraham Oommen**
*Managing Editor*
**Fr. Dr. Joshi Varghese**
*Publisher & Circulation Manager*
**Fr. Aju K Varghese**
*Sub Editors*
**Dr. Leena R. Jacob, Raipur**
(English Section)
**Sr. Ludia, St. Thomas Convent**
(Malayalam Section)
*Zonal Representatives*
**Fr. Jobby Peter** (Raipur Zone)
**Fr. Geevarghese Varghese** (Bhopal Zone)
**Fr. Sanju John** (Calcutta Zone)
**Fr. P.S. Varghese** (North East Zone)


## Up Coming Events :

| | | |
|---|---|---|
| 12th to 14th March 2019 | - | Annual Retreat for the Priests and Nuns (St. Thomas Mission Chapel, Bhilai) Retreat Father : Fr. Dr. Jacob Kurian |
| 14th March 2019 | - | Priests' Meeting (St. Thomas Mission Chapel, Bhilai) |
| 15th June 2019 | - | Birthday Celebration of Bishop |



# Editorial

## The Great Lent: A time for collective repentance

God willing, we will be going through another ***Great Lent,*** a special period of fasting and prayer. This has been observed by all Christians from veryearly times. The great heroes of the Old Testament like Moses, Elijah and Daniel are classical examples of fasting (Exodus 24:18, 1 Kings 19:8 , Daniel. 9:3). Before starting his mission in this world, our Lord Jesus Christ also fasted for 40 days in the desert. (St. Matthew 4:2, St. Mark 1:13, St. Luke 4:1-2). Jesus condemned the Pharisaical aspects of fasting, not the fasting itself. Fasting was a regular method among the apostles (Acts. 13:2, 14:23). The early church continued this practice . Regular weekly fasting was observed by the church on Wednesday and Friday, (not on Tuesday and Thursday as the Jews)- *Didache* (The teaching of the Twelve Apostles)

The Great Lent of 40 days was observed in church at least from 4th century . It is included in the canons of the council of Nicaea. St. Athanasius alludes to it. The main purpose of the Great Lent is to prepare us for the Feast of The Resurrection of our Lord, the Easter - the greatest feast of the Church. The Great Lent is not an end in itself, it is only a means to participate better in the Paschal mysteries. So it can be fully understood only in the light of the Easter. It should be seen as a Collective retreat for the entire Church. We are journeying together towards *khyamtha.* In the early church, Great Lent served two purposes 1) preparing the new converts for baptism by teaching them about church's faith. It was on the day of Easter that the Catechumens ( those who learn about faith) were baptised. 2) preparing all the believers for the Easter . It was the time for the faithful to hear or study the word of more diligently and devote themselves for prayer and fasting in order to celebrate the Paschal mystery more meaningfully. It is intended as time of the spiritual renewal for all believers.



Today, more than ever before, we, the members of the church together should take the Lent seriously. We should practice all the spiritual disciplines so that we can enjoy the peace and joy of the Resurrection of our Lord. It is not just remembering but revitalising the mystery of our redemption in all its fullness. The thoughts about God's Kingdom should always come first in our minds. The Great Lent should become a collective retreat of 40 days, a time when we try to live in the spirit of our baptismal vows. A true repentance , *metanoia,* a change of heart should take place in everybody. Then the whole church will grow up spiritually.

THE FAMILY OF *DIOCESAN DARPAN* WISHES ALL OUR DEAR READERS AND WELL WISHERS **A HAPPY AND BLESSED EASTER**

***Abuachen***

# കർമ്മവേദിയിൽ പത്ത് വർഷം പിന്നിടുന്ന ശ്രേഷ്ഠാചാര്യൻ.

ഫാ. കെ.ഐ. വർഗീസ് (വൈദീക സംഘം സെക്രട്ടറി, ഭദ്രാസന കൗൺസിൽ അംഗം)



കൽക്കട്ട ഭദ്രാസനത്തെ നയിക്കുവാൻ നിയോഗിതനായ ഡോ. ജോസഫ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലിത്ത തന്റെ ദൗത്യ നിർവ്വഹണത്തിൽ ഒരു പതിറ്റാണ്ട് പിന്നിടുകയാണ്. ഭദ്രാസനത്തിന്റെ സാരഥ്യം ഏറ്റ് വിവിധ ഇടവകകളിൽ സന്ദർശനം നടത്തിയിരുന്ന വേളയിൽ ഒരിക്കൽ ഒരു പറ്റം യുവാക്കൾ വിശാലമായ കൽക്കട്ട ഭദ്രാസനത്തെ നയിക്കുന്നതിനെക്കുറിച്ച് ആരാഞ്ഞപ്പോൾ അദ്ദേഹം നൽകിയ മറുപടി വി. പൗലോസ് ശ്ളീഹ കോരിന്ത്യർക്കെഴുതിയ രണ്ടാം ലേഖനം 12.9 ഉദ്ധരിച്ചുകൊണ്ടായിരുന്നു. "എന്റെ കൃപ നിനക്കു മതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞു വരുന്നു, ആകയാൽ ക്രിസ്തുവിന്റെ ശക്തി എന്റെമേൽ ആവസിക്കേണ്ടതിന് ഞാൻ അതി സന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും"

കൽക്കട്ട ഭദ്രാസനത്തിനെ നട്ടുവളർത്തിയ ഭാഗ്യസ്മരണാർഹനായ ഡോ. സ്തേഫാനോസ് മാർ തേവോദോസ്യോസ് തിരുമേനി 2007-ൽ കാലം ചെയ്ത് 2 വർഷങ്ങൾക്കുശേഷമാണ് അഭിവന്ദ്യ ദിവന്നാസ്യോസ് തിരുമേനി ഭദ്രാസനത്തിന്റെ ചുമതലയിൽ നിയോഗിതനായത്. മറ്റ് ഭദ്രാസനങ്ങളിൽ നിന്ന് വിഭിന്നമായ ദർശനത്തോടെയാണ് ഭാഗ്യസ്മരണാർഹനായ തേവോദോസ്യോസ് തിരുമേനി കൽക്കട്ടാ ഭദ്രാസനത്തിന് അടിത്തറ പാകിയത്. മിഷൻ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയും വിദ്യാലയങ്ങളും ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളും സ്ഥാപിച്ചും മാർ തേവോദോസ്യോസ് ഭദ്രാസനത്തെ കെട്ടുറപ്പുള്ളതായി വളർത്തി.

ഉത്തരേന്ത്യൻ പശ്ചാത്തലത്തിലെ പരിചയക്കുറവും ഹിന്ദി ഭാഷയിൽ ആശയവിനിമയം ചെയ്യുവാനുള്ള ബുദ്ധിമുട്ടും ഭദ്രാസനത്തിന്റെ വളർച്ചയെ ബാധിക്കുമൊ എന്ന് തുടക്കത്തിൽ അഭിവന്ദ്യ ദിവന്നാസ്യോസ് തിരുമേനി ആശങ്കപ്പെട്ടിരുന്നു. എന്നാൽ ആശ്രമ ജീവിതത്തിൽനിന്നാർജിച്ച മിതത്വവും പക്വതയും സുദീർഘമായ അദ്ധ്യാപന ജീവിതവും സമ്മാനിച്ച കഴിവുകളും ചുരുങ്ങിയ കാലംകൊണ്ട് തന്നെ ഭദ്രാസനത്തിൽ ഉടനീളം സഞ്ചരിച്ചും ഇടവകകളും ദേവാലയങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചും മാർ ദിവന്നാസ്യോസ് കൽക്കട്ട ഭദ്രാസനത്തിന്റെ സ്പന്ദനങ്ങളെ തൊട്ടറിഞ്ഞു. തികഞ്ഞ സമർപ്പണത്തോടെയുള്ള അദ്ധ്വാനവും വിജയങ്ങളുടെ മഹിമ പങ്കുവയ്ക്കുവാനുള്ള മനോവിശാലതയും പ്രതിസന്ധികളിൽ ദൈവത്തെ മുറുകെപിടിക്കുന്ന ഭക്തിഭാവവും തിരുമേനിയെ തന്റെ മുൻഗാമിയെപ്പോലെ വിദ്യാഭ്യാസമേഖലയിലും സുവിശേഷീകരണത്തിലും സാധുജന സേവനരംഗത്തും സാംസ്ക്കാരിക രംഗത്തും പ്രൗഢമായ മുദ്ര പതിപ്പിക്കുവാനും കൽക്കട്ട ഭദ്രാസനത്തെ പുരോഗമനത്തിന്റെ പാതയിൽ നയിക്കുവാനും പ്രാപ്തനാക്കുന്നു. വിശ്രമമില്ലാത്ത യാത്രയ്ക്കിടയിലും വൈജ്ഞാനീകരംഗത്തും പുസ്തക രചനയിലും തനതായ സംഭാവനകൾ അഭിവന്ദ്യ തിരുമേനിയിൽ നിന്ന് ഉണ്ടാകുന്നത് ശ്രദ്ധേയമാണ്.

സുദീർഘകാലം വിദ്യാഭ്യാസരംഗത്ത് പ്രവർത്തിച്ച അദ്ദേഹത്തിന്റെ അനുഭവപരിചയവും കാഴ്ചപ്പാടും ഭദ്രാസനത്തിലെ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഉന്നമനത്തിനും പുതിയ സ്ഥാപനങ്ങളുടെ വളർച്ചയ്ക്കും ഉപകരിക്കുന്നുണ്ട്. **ഭദ്രാസനത്തിൽ നിലവിലുണ്ടായിരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളോടൊപ്പം തന്നെ ഒരു അർട്ട്സ് കോളജ് ഉൾപ്പെടെ പന്ത്രണ്ട് പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുവാനും തിരുമേനിയ്ക്ക് ദൈവാനുഗ്രഹമുണ്ടായി.** ദിമാപ്പൂർ . എം. ജി. എം കോളജ്, റാഞ്ചി, റ്റാറ്റാ നഗർ, അരുണാചൽ പ്രദേശ്, റൂർക്കല, ബിലാസ്പൂർ, നയാറായ്പൂർ, ഭിലായ്, രാജനന്ദഗാവ്, ധൻപൂരി, സാഗർ, റായ്പൂർ എന്നിവിടങ്ങളിലാണ് പുതിയ സ്ഥാപനങ്ങൾ.

**മിഷൻ രംഗത്തും കാലാനുസൃതമായി പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുവാൻ അഭിവന്ദ്യ തിരുമേനിയുടെ നേതൃത്വത്തിൽ ഭദ്രാസനത്തിന് കഴിയുന്നുണ്ട്.** ഗവൺമെന്റ് ആശുപത്രികളിൽ എത്തുന്ന സാധുക്കൾക്ക് സൗജന്യ ഭക്ഷണം നൽകുന്ന അന്നദാൻ പദ്ധതി, കുഷ്ഠരോഗികളുടെ ഇടയിൽ നടത്തപ്പെടുന്ന തയ്യൽ കംപ്യൂട്ടർ പരിശീലന പദ്ധതിയായ ആശാകിരൺ, കൽക്കട്ടിയിലെ ബിഷപ്പ് തിയോഡോഷ്യസ് ഫ്രീ സ്കൂൾ, സ്തേഫാനോസ് തിരുമേനിയുടെ സ്മരണാർത്ഥം പാത്താമുട്ടത്ത് ഫാ. ഡോ. ഏബ്രഹാം ഉമ്മന്റെ നേതൃത്വത്തിൽ നടത്തിവരുന്ന മിഷൻ സെന്റർ തുടങ്ങിയവ മിഷൻ രംഗത്തെ പുതിയ ചുവടുവയ്പുകളാണ്.

**തന്റെ മുൻഗാമിയുടെ ശ്രേഷ്ഠമായ നേതൃത്വവും ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങളും പുതിയ തലമുറ മനസ്സിലാക്കണമെന്നും ആ മാതൃക ഭദ്രാസനത്തിന് കരുത്താണെന്നും മാർ ദിവന്നാസ്യോസ് തന്റെ രചനകളിലും പ്രബോധനങ്ങളിലും സദാ ഓർപ്പിക്കാറുണ്ട്.** ഭാഗ്യസ്മരണാർഹനായ സ്തേഫാനോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ സ്മരണയെ നിലനിർത്തവാൻ തക്കവണ്ണം സാമൂഹ്യസേവനത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച പ്രമുഖരായ വ്യക്തികൾക്ക് അവരുടെ

പ്രവർത്തനത്തെ മാനിച്ച് അവാർഡ് നൽകുവാൻ വേണ്ടിയുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. മുൻ ജസ്റ്റീസ് ബഞ്ചമിൻ കോശി, ഡോ. പ്രകാശ് ആംതെ, ധരംപാൽ സൈനി എന്നിവർ പ്രസ്തുത അവാർഡിന് അർഹരായവരാണ്. **വളരെ നാളത്തെ പരിശ്രമഫലമായി ഭദ്രാസന ആസ്ഥാനത്തേക്കുള്ള റോഡിന് ഭിലായി മുനിസിപ്പാലിറ്റി "മാർ തേവോദോസ്യോസ് മാർഗ്ഗ്" എന്ന് നാമകരണം ചെയ്തതും സ്തുത്യർഹമാണ്.**

കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ വിവിധ സന്ദർഭങ്ങളിലായി മൂന്ന് തവണ പരിശുദ്ധ കാതോലിക്ക ബാവാ തിരുമേനി ഭിലായ് സന്ദർശിച്ചു. കൽക്കട്ട ഭദ്രാസനത്തെ വാത്സല്യപൂർവ്വം സ്നേഹിച്ചു കരുതുന്ന പരിശുദ്ധ കാതോലിക്ക ബാവായുടെ ഓരോ സന്ദർശനവും ഭദ്രാസനത്തിന് അനുഗ്രഹവും പ്രചോദനവുമാണ്.

**അഭിവന്ദ്യ ദിവന്നാസ്യോസ് തിരുമേനി സുവിശേഷീകരണത്തിന് പ്രത്യേക പ്രാമുഖ്യം നൽകുന്നു എന്നത് ശ്രദ്ധേയമാണ്.** ഭദ്രാസനത്തിൽ വർഷങ്ങളായി നാമമാത്രമായി പ്രവർത്തിച്ചിരുന്ന സെന്റ് തോമസ് ആശ്രമത്തിനും സെന്റ് തോമസ് കോൺവെന്റിനും അഭിവന്ദ്യ തിരുമേനിയുടെ ശ്രമകരമായ പ്രവർത്തനത്താൽ പ. സിന്നഡിൽ അംഗീകാരം ലഭിച്ചു. കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ ജാർസുട സെന്റ് തോമസ്, ബർബിൻ മാർ ഗ്രീഗോറിയോസ്, കോർബ സെന്റ് തോമസ്, ഓർത്തഡോക്സ്ഹിന്ദി എന്നീ കോൺഗ്രിഗേഷനുകളും, കുവൈറ്റ് സെന്റ് ബേസിൽ, സെന്റ് സ്റ്റീഫൻസ് കുവൈറ്റ്, കൊണ്ടഗാവ് സെന്റ് തോമസ് തുടങ്ങിയ പുതിയ ഇടവകളും ആരംഭിച്ചു. അരുണാചൽ പ്രദേശിലെ ഇറ്റാനഗറിൽ മുമ്പ് വലിയ ഇടവേളകളിൽ മാത്രം വിശുദ്ധ കുർബ്ബാന ക്രമീകരിക്കപ്പെട്ട സ്ഥലത്ത് അഭിവന്ദ്യ തിരുമേനി സന്ദർശിച്ച് സാധ്യതകൾ മനസ്സിലാക്കുകയും അവിടെ വൈദീകരെ നിയമിക്കുകയും, ഇറ്റാനഗറിൽ പള്ളിയും സ്ക്കൂളും സ്ഥാപിക്കയും ചെയ്തു. അഭിവന്ദ്യ ദിവന്നാസ്യോസ് തിരുമേനി പള്ളിയുടെ കൂദാശ നടത്തി ദേവാലയമായി പ്രഖ്യാപിച്ചത് പ്രത്യേകം സ്മരണീയമാണ്. ജാംഷഡ്പൂരിലും, സാർണിയിലും സ്വന്തമായി ദേവാലയങ്ങൾ സ്ഥാപിക്കുന്നതിന് അഭി. തിരുമേനി പ്രത്യേകം താല്പര്യം എടുത്തു.

**ത്രൈമാസികയായ ഡയോസിഷൻ ദർപ്പണിന് (Diocesan Darpan) അഭി. തിരുമേനി 2009 ൽ രൂപകൽപ്പന കൊടുത്തു.** ഇപ്പോൾ ഈ മാസിക പത്താം വർഷത്തിലേക്ക് കടക്കുന്നു. ആത്മീയ ലേഖനങ്ങളും ഭദ്രാസനത്തിലെ ദേവാലയങ്ങളുടെയും സ്ഥാപനങ്ങളുടെയും പ്രധാനവാർത്തകൾ ഉൾക്കൊള്ളിച്ചാണ് മാസിക പ്രസിദ്ധീകരിക്കുന്നത്. ഭദ്രാസനത്തിലെ എല്ലാ ദേവാലയങ്ങളിലേയും വരിസംഖ്യ എടുത്ത അംഗങ്ങൾക്ക് ഈ മാസിക മുടങ്ങാതെ ലഭിക്കുന്നു.

കൽക്കട്ട ഭദ്രാസനാധിപൻ എന്ന നിലയിൽ മാത്രമല്ല സഭയുടെ ഇക്കോളജിക്കൽ കമ്മീഷൻ ഉപാദ്ധ്യക്ഷൻ, ഛത്തീസ്ഗഢിലെ ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പൊതുവേദിയുടെ ഉപാദ്ധ്യക്ഷൻ തുടങ്ങിയ നിലകളിലും പ്രശോഭിക്കുന്നു. മാത്രമല്ല ശാസ്ത്ര ഗവേഷണരംഗത്തും വിദ്യാഭ്യാസമേഖലയിൽ വിവിധ സർവ്വകലാശാലകളിലെ ഡോക്ടറൽ തിസീസ് മൂല്യ നിർണ്ണയ സമതികളിലും പ്രവർത്തിക്കുന്നു എന്നത് അഭിമാനകരമാണ്. അഭിവന്ദ്യ തിരുമേനിയുടെ നേതൃത്വത്തിനും അദ്ദേഹത്തിലൂടെ ഭദ്രാസനത്തിനു ലഭിക്കുന്ന ദൈവകൃപകൾക്കുമായി നമുക്ക് ദൈവത്തെ സ്തുതിക്കാം. അഭിവന്ദ്യ തിരുമേനിക്ക് വൈദീക സംഘത്തിന്റെയും ഭദ്രാസനത്തിന്റെയും സെന്റ് തോമസ് മിഷന്റെയും പ്രാർത്ഥനാശംസകൾ നേരുന്നു. ■

# The Will of God

**Joseph Cherian**
St. Andrews Valiapally, Secunderabad

As chaste Orthodox Christians who attend church regularly and take Holy Qurbana regularly , there still exists a doubt in our hearts whether we are aligned in the right way with God or not. To shed a little light on this we must read the words of God as mentioned in the Holy Scriptures. It is very essential in the walk with God to be in right alignment with His Holy Will.

But what is the will of God?

The scriptures declare in 3 Bible verses the will of God.

1. For this is the will of God, your sanctification: that you abstain from sexual immorality; [ 1 Thessalonians 4:3]
2. For this is the will of God, that by doing good you should put to silence the ignorance of foolish people. [ 1 Peter : 15]
3. Give thanks in all circumstances; for this is the will of God in Christ Jesus for you. [ 1 Thessalonians 5: 18]

Our lives will be deficient in Christ if we were to forsake these fundamentals. The purpose of taking Holy Qurbana is Sanctification and this can be easily lost be sexual immorality. Hence we ought to be very careful in our interactions in society in particular our private lives and public lives must match up.

The purpose of doing good is because we are good children of our Heavenly Father and by doing good we are only mimicking His work style. Good works also silence the mouths of foolish people who take great delight in passing comments.

Life is not rosy all the time. There will be ups and downs. In moments of good we forget God and in moments of sorrow we cling to Him this is general human behavior. But the word of God advises us that it is God's will is that at all times, be it good or bad, we must give thanks to Him in Christ Jesus. Here our circumstances are not to be blamed. We must develop an attitude of willingness to accept Gods purpose throughout our life be it good or bad and this ought to be tempered according to the will of God

**CONCLUSION**

We are called by God to do His will and this is the walk with God. We know our God is faithful and what He tells us is for our good only. Therefore let us abide in his "Holy Will" by abstaining from sexual immorality, doing good works and giving thanks to Him always in Christ Jesus.



# The Great Lent: An Introduction

**Metropolitan Dr. Joseph Mar Dionysius SST**

**Introduction**

The great Lent is one of the five canonical Fasting Periods or occasions of the Church. The others are being Nineveh Lent of three days, Apostolic Lent of thirteen days from June 16th to 29th, ***Soonoyo*** Lent commemorating the ascension (physical Departure for Heaven) of St. Mary the Mother of God for fifteen days from August 1st to 15th and Preparatory ***Eldo*** Lent of twenty five days for Christmas from December 1st to 25th. Apart from these, the canonical days of fasting and Abstinence include all Wednesdays and Fridays throughout the year except ***Moranaya*** feasting days. The great Lent extends for about fifty days including Forty days of fasting and Passion Week of Ten days. The great Lent is the most vibrant and important spiritual experience in the life of the Faithful Believers. As an introduction to great Lent, this article highlights and shares the following contextual aspects as food for our lent meditation and implementation.

**1. Great Lent: Ecclesiastical Context**

The great Lent evolved in the Church in connection with the Sacramental implementation of Holy Baptism. In the early Church the Holy Baptism was mostly received by adults. As adult Baptism was frequent, they have to be trained, instructed and prepared spiritually. As a part of their preparation they were advised to observe fasting and repentance for forty days after proper catechetic period that extends almost one year. As this 40-days fasting was just before Passion Week, ten days of Passion Week was added to it became 50 days of fasting and repentance. The Holy Baptism usually occurred on Easter day and as an external symbolic mark for those who received Baptism wore white dress only. Thus the post-Easter Week became started to know as '***Hayvoro Week***' (***Hayvoro***=white). Therefore it can be concluded that the Great Lent observation of our Church evolved from pre-Baptismal Fasting and Repentance of 40 Days.

**2. Great Lent: Biblical Context**

The observation of Lent and Fasting is Biblical. It is recorded in OT Scripture many times such observation for repentance and for the receipt of special graces from God. Moses before receiving the 'Ten Commandments' observed Fasting of 40-days and 40-nights (Exodus 34:28). The people of Israel conducted Fasting 40-days before Yahweh in Mispa (1Samuel 7:6). The great Prophet Elijah took 40-days lent while he was walking to Mount Horeb (1 Kings 19:8). Both Ezra (Ezra 10:6) and Daniel (Daniel 10:3) observed 40-days Lent as mark of repentance. The 40-days repentance Fasting of Nineveh People is also famous. Our Lord Jesus Christ Himself observed it (Mt. 4:1-2; Lk. 4:12). In NT, there is a series of references in connection with Fasting and repentance

(Mt.17:21; Jn.14:6; Acts 9:9; 12:2-3; 14:23; Rom. 13:14; 1Cor. 9:17; Gal. 5:16-17; 5:24-25; 1Pet. 2:11; 4:1-6).

### 3. Great Lent:theological and Spiritual Context

The observation of Lent is theologically based and it is for spiritual upgrading and enrichment. After creating the first Parents Adam and Eve and placing them in the Garden of Eden, the first commandment given to them was Fasting and Abstinence. Satan strategically entered there to make them default in the observation of Fasting and Abstinence leading to sin against God's will. This resulted in the alienation of them from the Paradise life of Eden to worldly life. Therefore it is the food for God's fellowship and medicine against alienation from God's divine presence. For the progression in Holiness, it is essential to have Fasting, penitence and disciplined life. For creating really a prayer atmosphere, Fasting is essential. "The kite of Prayer never goes high, if it is not tied with threefold thread of Fasting, Abstinence and Charity" (Saint Gregorios of Parumala).



#### 3.1. Spiritual Pilgrimage Journey:

The Christian life itself is a Spiritual Pilgrimage Journey aiming Heaven. Great Lent is a fifty days long Pilgrimage Journey and its destination is our Lord Jesus Christ's Holy Pass-over Table where He instituted the Holy Eucharist, the foot of the Cross where He was crucified for us and ultimately the Joy and Peace of the Glorious Resurrection on Easter, 'the Feast of Feast' that changed everything including the very nature of Death, transformed the tragedy of tragedies into the ultimate victory and made a passage for us into the Kingdom of God. Regarding the ways, exhortations and warnings that we have to take care of during this Pilgrimage Journey is vividly narrated in the NT book of Hebrews chapter 12:1-29. Our target to look and meditate constantly in this journey is our Lord Jesus Christ the pioneer and perfecter of our Faith Himself, who endured the Cross disregarding its shame and has seated at the right hand of the throne of God (verse 2). Our inspiration is the surrounding great cloud of witnesses Saints, who stands hopefully and prayerfully watching us behind the curtain of the invisible part of the Church. As per the worldly dictum 'less luggage more comfort' we have to abstain certain things in this journey to make it comfortable and successful. Three things—(1) Sin, (2) weight and (3) specific sinful weaknesses that cling closely—we have to refrain in this journey (verse 1). The Greek term for sin is ***'Hamartia'***, which means 'deviation from the target' and it is evolved from the shooting context. Therefore sin is the deviation from the spiritual target of God's fellowship. We should not deviate from our call by looking aside on the left or right attractions and addictions and always maintain our way straight in God's path. The 'weight' in verse one indicates 'worldly sinful attractions'. As per Isaac Newton's principle, gravitational attractions give matter the property of weight. Weight is always a hindrance to our easy forward journey, making always 'a lag behind' and very crucially affects our success. Therefore we have to leave out all our weights. Each and every person has their own specific sinful weaknesses that cling closely that vary from person. It is very difficult to get rid of such sins because of three reasons—(1) such sins are of usually hidden nature, (2) such sins so cling to the person that these become the very behaviour of the person and (3) the seriousness and gravity of such sins cannot be sensed by the persons who holds these sins. Very prayerful and wilful zeal and efficient guidance are required to get rid of such sins.

#### 3.2. Spiritual Season:

Great Lent is the great spiritual season when faithful Believers can cultivate Christian virtues and reap their fruits effectively. Life of Prayer, fasting and penitence is the main characteristic of Lent period. Major part of the Prayers in canonical hours is impregnated with subject of repentance and its meditations. It is the spiritual season during which the Believers live not by the 'principle of flesh' and its works—fornication, impurity, licentiousness, idolatry, sorcery, enmities, strife, jealousy, anger, quarrels, dissensions, factions, envy, drunkenness, carousing, and things like these (Gal. 5:19-21). But they live by the 'principle of Holy Spirit' and its fruits—love, joy, peace, patience, kindness, generosity, faithfulness, modesty and self-control (Gal.5:22-26). In short, it not a carnal season for enjoying worldly and fleshy pleasures, but spiritual season in every sense and dimension. The life and its all patterns including food habits, family and other

relationships are to be reorganised during Lent season.

3.3. Spiritual Warfare:

Great Lent is a really a spiritual warfare and war time against the trifold enemies—(1) world and worldliness, (2) flesh and fleshy vices and (3) devil and its devilish strategies (Eph.6:10-17). During Lent we are entering actively in this spiritual war along with the power of Holy Spirit and beseeching the blessings and prayers of fore-fathers and saints, for which two pre-lent Sundays are being set apart. As Pauline thought, our war and struggle is not against blood and flesh, but against evil authorities and the devilish powers of darkness (Eph.6:12). How to wage this spiritual war? It is very clearly given in Ephesians 6:13-17. Those who are successful in this war may get the crown of victory at Easter, the day of victorious resurrection of our Lord against Satan and all his strategies. During this warfare, our model should be Christ, who waged war against Satan and defeated all his temptations and strategies. Our inspiration is our fore-fathers who have trained us to wage this spiritual war. We should be cautious enough against the Satan, who set temptation to our Lord, may approach us also at any moment for temptation.

3.4. Spiritual Sanctification:

Great Lent is a really a spiritual occasion for sanctification of Body, Mind and Soul. Acquiring Holiness is the final result of Lent. If we observe it genuinely and faithfully, surely we can feel the sanctification and holiness that are taking place not only in spirit and mind but also in our body. Christian life itself is a gradual growth process in holiness, which in turn leads into the process of 'theosis'. Sanctification and Holiness in mind, body and soul is the state of maintaining transparency, unpollutedness, straightforwardness and modesty.

3.5. Spiritual Healing and consolation:

The Lent and Prayer not only heal and console the Soul and Mind but also Body. Even the modern medicine recognised the importance of Fasting as a remedy for so many ailments. Fasting is the natural body-strategy not only in human beings but also in other life forms. The self-purification impact and effect of Fasting and Penitence are the causative reason behind the healing and consolation.

Spiritual Training:

The ultimate human destiny, as said by Christ to Sadducees, to lead angelic life along with God. Angels never eat worldly food and their food is the communion and fellowship with God, from which they extract the radiant energy by standing in three consecutive whorls of circles. The fathom of radiant spiritual energy through fellowship in the presence of God by prayer and other worship is commendable and limitless. As we are mortals we cannot sustain in this world without physical food. However in Lent we are getting spiritual 'Training' from the Church to lead angelic life, a life with minimum and very essential food requirement and maximum possible God's presence and fellowship. If we succeed in this training, we will get not only the peace and blessings of Easter in this world but also the unwithered eternal crown in heaven.

3.7. Spiritual Reconciliation:

Great Lent is also an occasion for reconciliation. Reconciliation is in three ways, i.e. three-dimensional—(1) between God and us, (2) between and among us and (3) between us and all created orders in Nature and us. This is to be materialised by the recognition of our inequities and sins, our recognition and consideration of the greatness of others, the empathetic feelings that we generate in our life and the resultant repentance and confession that follows.

**Conclusion**

Let us observe this Great Lent with full dedication, fasting, abstinence and tears of repentance as our fore-fathers observed it. Let us humble ourselves before God. Let us imbibe the God's nature in us. Let us follow the words of the Prophets. "Yet even now, says the Lord, return to me with all your heart, with fasting, with weeping, and with mourning; rend your hearts and not your clothing. Return to the Lord, your God, for he is gracious and merciful, slow to anger, and abounding in steadfast love, and relents from punishing".

**31ST DEATH ANNIVERSARY**



**Fr. K.M. VARGHESE**

**(26.03.1988)**

**Former Treasurer & Secretary**
**St. Thomas Mission, Bhilai**



# നോമ്പ്


ഫാ. ഏലിയാസ് കെ. വി
പഴയസെമിനാരി, കോട്ടയം


**ആമുഖം**

ഓർത്തഡോക്സ് സുറിയാനി സഭയുടെ വിശ്വാസ-അനുഷ്ഠാന ജീവിതത്തിലെ അനിവാര്യമായ ഒന്നാണ് നോമ്പ്. ചിലപ്പോഴെങ്കിലും 'നോയ്മ്പ്' എന്നും പറയാറുണ്ട്. പലപ്പോഴും ഉപവാസം നോമ്പിനോടു ചേർത്തു പരാമർശിക്കപ്പെടുന്ന മറ്റൊരു അനുഷ്ഠാനമാണ്. വി. വേദപുസ്തകത്തിൽ നിന്ന് പഴയ-പുതിയ നിയമങ്ങളിലെ ചില ഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ട് നാമതിന്റെ വേദശാസ്ത്രം വിശദമാക്കുന്നു.

"നോമ്പ്' എന്ന വാക്കിന് ആംഗല ഭാഷയിൽ 'abstinence' എന്നാണ് പറയുന്നതെങ്കിലും സഭ കൂടുതൽ ഉപയോഗിക്കുന്നത് 'Lent' എന്ന വാക്കാണ്. Abstinence എന്ന നാമപദത്തിന് സുഖാനുഭവ വർജനം, സംയമനം, ഭോഗിഗോപവാസം എന്നൊക്കെയാണ് നിഘണ്ടുക്കൾ നൽകുന്ന അർത്ഥം. 'Abstinent' എന്ന ക്രിയയ്ക്ക് 'ഇന്ദ്രിയനിഗ്രഹമുള്ള', 'ഭോഗിഗോപവാസമുള്ള' എന്നും പറയുന്നു. 'Lent' എന്നപദത്തിനാകട്ടെ ഒരു പ്രത്യേക കാലഘട്ടത്തേയ്ക്കുവേണ്ടി മാറ്റിവച്ച പ്രത്യേക അനുഷ്ഠാനമെന്ന അർത്ഥമാണുള്ളത്. വിശേഷിച്ചു "നാല്പതു ദിവസത്തേയ്ക്കുള്ള നോമ്പുകാലം'. അല്പം അനുതാപവും അനുകമ്പയും ഉണ്ടാകണം ഈ ദിനങ്ങളിലെന്ന് വ്യാഖ്യാനിച്ചു പറയാനാകും.

'ശബ്ദതാരാവലി' നോമ്പിനു നൽകിയിരിക്കുന്ന അർത്ഥം 'മിതാഹാര വ്രതം' എന്നാണ്. നോമ്പു നോൽക്കുക എന്നാൽ വ്രതമിരിക്കുക, ഒരുങ്ങിയിരിക്കുക എന്നും. 'ഉപവസിക്കുക' എന്നതിനും വ്രതമിരിക്കുക എന്നും അർത്ഥം കൊടുത്തിട്ടുണ്ട്. ആ അർത്ഥത്തിൽ നോമ്പിന്റെ പര്യായമായി ഉപവാസത്തേയും കാണണം. അതുകൊണ്ടാകാം 'സഭാവിജ്ഞാനകോശത്തിൽ' നോമ്പ് ഉപവാസത്തോടു ചേർത്തുമാത്രം പരാമർശിച്ചിട്ടുള്ളത് (ഉപവാസത്തിന് സമീപത്തു വർത്തിക്കൽ എന്നും അർത്ഥമുണ്ട്). 'വ്രതം' എന്നവാക്ക് നോമ്പിനും ഉപവാസത്തിനും പകരമായി ഉപയോഗിക്കുന്നുണ്ട് എന്നതും ശ്രദ്ധേയം. മറ്റൊരു



വിധത്തിൽ പറഞ്ഞാൽ നോമ്പും ഉപവാസവും 'വ്രതം' എന്ന സംസ്കൃതപദത്തിന്റെ പര്യായങ്ങളെന്ന് മനസ്സിലാക്കാം. 'വ്രതം' എന്ന നാമത്തിന് പ്രതിജ്ഞ, ധ്യാനം, നിശ്ചയദാർഢ്യം എന്നൊക്കെ അർത്ഥം. 'വ്ര' എന്ന ധാതുവിൽ നിന്നാണ് വ്രതം എന്ന നാമം ഉണ്ടായത്. 'വ്ര' എന്ന സംസ്കൃത ധാതുവിന് ചട്ടം, സ്വഭാവം, തെരഞ്ഞെടുപ്പ്, പിന്മാറ്റം, ഇച്ഛ എന്നർത്ഥം. 'വ്ര' ചേർന്നു നിൽക്കുന്നത് 'റിഥം' വുമായിട്ടാണ്. 'റിഥം' എന്നാൽ താളം, അങ്ങനെ 'വ്രതം' ഒരു ആന്തരിക തത്വമാകുന്നു. അത് പ്രപഞ്ചത്തിന്റെ ക്രമം നിലനിർത്താനുതകുന്ന പൊതുനിയമമാകുന്നു. ആകയാലതിന് 'സൗഖ്യ'ത്തിന്റെ ഒരുമാനം കൈവരുന്നു. മനുഷ്യവംശത്തെ - സൃഷ്ടിയെ മുഴുവനും അതിന്റെ പ്രാരംഭ പൂർണതയിലേക്ക് (original state) തിരികെ വരുത്തുന്ന ഒന്നാണ് വ്രതം. ഇതുതന്നെയാണല്ലോ മനുഷ്യാവതാരത്തിന്റെ ലക്ഷ്യം. അങ്ങനെ വ്രതം-ഉപവാസം-നോമ്പ് ഒരാത്മീയ പ്രതിജ്ഞയാകുന്നു.

**ഓർത്തഡോക്സ് സുറിയാനി സഭയുടെ നോമ്പുകൾ**

സുറിയാനി സഭയ്ക്ക് കാനോനിക നോമ്പുകൾ അഞ്ചാണ്. അതിൽ മൂന്ന് തീയതിക്കണക്കിലും രണ്ട് ദിവസക്കണക്കിലും വരുന്നവയാണ്. ദിവസക്കണക്കിൽ വരുന്നവയാണ് ആദ്യ രണ്ടു നോമ്പുകൾ-മൂന്നു നോമ്പ്, വലിയ നോമ്പ്. ഇവ രണ്ടും തിങ്കളാഴ്ച ആരംഭിക്കും. ഈ നോമ്പിന്റെ ആരംഭം സൂര്യ-ചന്ദ്രഗോളങ്ങളെ അടിസ്ഥാനമാക്കിയാണ് നിശ്ചയിക്കുക. ആണ്ടിൽ രണ്ടു ദിനങ്ങൾ തുല്യദിനരാത്രകാലമായുണ്ട്. മാർച്ച് 21, സെപ്റ്റംബർ 21. സൂര്യൻ ഒരയനത്തിൽ നിന്ന് മറ്റേതിലേയ്ക്കു കടക്കുന്ന സമയമാണിത്. ഇതിൽ മാർച്ച് 21-നുശേഷമുള്ള വെളുത്തവാവ് (പൂർണചന്ദ്രദിനം) കഴിഞ്ഞുവരുന്ന ആദ്യ ഞായർ ഉയിർപ്പു ഞായറാഴ്ചയായി വരുംവിധം പുറകിലേയ്ക്കു അമ്പത് ദിവസങ്ങളെണ്ണി വലിയനോമ്പിന്റെ തുടക്കം നിശ്ചയിക്കാം. ഇതുപ്രകാരം ഉയിർപ്പുഞായർ മാർച്ച് 23നും ഏപ്രിൽ 24നും ആകാം; അതിനിടയിൽ ഏതു തീയതികളിലുമാകാം. നോമ്പു തുടങ്ങുക ഫെബ്രുവരി 4 മുതൽ മാർച്ച് 7 വരെയുള്ള തീയതികളിലൊന്നിലാകാം. വലിയ നോമ്പാരംഭിക്കുന്നതിന് മൂന്നാഴ്ച മുമ്പുള്ള തിങ്കളാഴ്ചയാണ് മൂന്നുനോമ്പ് തുടങ്ങുന്നത്. അത് വ്യാഴാഴ്ച വീടുകയും ചെയ്യും. തുടർന്ന് വലിയ നോമ്പുവരെയുള്ള നാളുകളെ 'പതിനെട്ടിട' എന്ന് പറഞ്ഞുവരികയും ചെയ്യുന്നു (ജനുവരി 14നും ഫെബ്രുവരി 14 നും ഇടയിലാണ് മൂന്നുനോമ്പു തുടങ്ങുക).

മറ്റു മൂന്നു കാനോനിക നോമ്പുകൾ ശ്ലീഹാ നോമ്പ് (ജൂൺ 16-29) ശൂനോയോ നോമ്പ് (ആഗസ്റ്റ് 1-15), യൽദോ നോമ്പ് (ഡിസംബർ 1-25) എന്നിവയാണ്. യൽദോ നോമ്പ് നവംബർ 25 മുതൽ ആചരിച്ചിരുന്നുവെന്ന് പറയുന്ന പണ്ഡിതരുമുണ്ട്.

**നോമ്പിന്റെ സാമൂഹ്യമാനം**

**വ്രതം അഥവാ നോമ്പും ഉപവാസവും ശരീരം, മനസ്സ്, വാക്ക് എന്നീ ത്രിവിധ കാരണങ്ങൾ കൊണ്ടുള്ളതും അനന്യപരമായ സേവയോടുകൂടിയതും ആയ നിഷ്ഠയാണ്.** ശരീരമനസ്സുകളെ പാകപ്പെടുത്തുന്ന ഒരു നിഷ്ഠാവിശേഷമാണത്. അതുകൊണ്ടാണ് നോമ്പിൽ ഉപോഷണം ഒരവശ്യഘടകമായി സഭ പഠിപ്പിക്കുന്നത്. വലിയനോമ്പിലെ നമസ്ക്കാരം ശ്രദ്ധിക്കുമെങ്കിൽ നോമ്പിന്റെ ഈ സാമൂഹ്യമാനം വിവിധ പ്രാർത്ഥനകളിലും ഗീതങ്ങളിലും വ്യക്തമായി പരാമർശിച്ചിട്ടുണ്ടെന്നും കാണാം. ചില ഉദാഹരണങ്ങൾ വലിയനോമ്പിലെ നമസ്ക്കാരത്തിൽ നിന്ന് (MOC Publications, 2012, 16-ാം പതിപ്പ്).

1. ആദം താതൻ തൻ ഭക്ഷണമോഹത്തെ വെന്നൊരു നൽനോമ്പേ...... p.9
2. നാല്പതു നോമ്പോടഗതിക്കാർക്കപ്പവുമേകി.... (അപ്രേമിന്റെ ബോവൂസോ) p.22
3. അത്യാസക്തിയെ വർജിക്കും (എനിയോനോ) p.58

നോമ്പ് ആസക്തികളെ നിയന്ത്രിക്കുന്നതും, ദീനരെ കരുതുന്നതുമാണെന്ന് വ്യക്തമാക്കുന്ന ഗീതങ്ങൾ ഇനിയുമുണ്ട്. നോമ്പ് സ്നേഹത്തിലധിഷ്ഠിതമാകണമെന്ന് പഠിപ്പിക്കുന്നതാണ് ഇനിയും ചില ഗീതങ്ങൾ

1. പ്രിയരെ നിയമത്തിൻ നിറവായ്... (ചൊവ്വ മൂന്നാം മണി) p.91

2. തൻപ്രവചനമതിലേശായാ..... (ബുധൻ സന്ധ്യ എത്രോയ്ക്കുശേഷം കോലോ) p.97

ആത്മാവും ശരീരവും ഒന്നിച്ചു നോമ്പു നോൽക്കണം... ശരീരം ഭക്ഷണം വെടിയണം, ആത്മാവ് തിന്മകളെ വെടിയണം (പാമ്പാക്കുട 2013, p.117). പീഢകനാകാതെ പീഢിതനാകണം (വ്യാഴം സന്ധ്യ, കോലോ p.120) വെള്ളിക്കും കനകത്തിനും വായുണ്ടെങ്കിൽ ..... (വ്യാഴം പ്രഭാതം കോലോ, p.130) ഇങ്ങനെ നോമ്പോടു ചേർന്നുണ്ടാകേണ്ട മാനസാന്തരത്തെക്കുറിച്ച് ഇനിയുമനേകം ഗീതങ്ങൾ/പ്രാർത്ഥനകൾ ഉണ്ട്.

നോമ്പനുഷ്ഠിച്ചിട്ടുള്ള പൂർവ്വ പിതാക്കന്മാർ വളരെയുണ്ട്. ചിലരുടെ പേരുകൾ ഈ പ്രാർത്ഥനകളിൽ പരാമർശിക്കപ്പെടുന്നുണ്ട്. മോശ, ഏലിയാവ്, ദാനീയേൽ, യേശു എന്നിവരോടൊപ്പം നിനുവെക്കാരെയും യോനായേയും കുറിച്ചുപറയുന്നു. നോമ്പനുഷ്ഠാനങ്ങളാൽ ഇവരുടെ ജീവിതത്തിലുണ്ടായ നേട്ടങ്ങളും വ്യക്തമാക്കുന്നുണ്ട്. മോശ നോമ്പു നോറ്റതിനാൽ നിയമങ്ങളുടെ കല്പലക പ്രാപിച്ചു (പുറ. 32). ദാനിയേൽ സിംഹങ്ങളെ ജയിച്ചു (ദാനീ. 6:1-28). ഏലിയാവ് സ്വർഗ്ഗത്തിലേയ്ക്കുകയറി (1 രാജാ. 18:1-46, 2 രാജാ.2:1-12). യേശുവാകട്ടെ സാത്താനെ ജയിച്ചു (വി. മത്താ. 4:1-11, ലൂക്കോ. 4:1-10). നിനുവാക്കാരുടെ നോമ്പ് അവരെ നിശ്ചിതമായിരുന്ന നാശത്തിൽ നിന്നു വീണ്ടെടുത്തു. യോനായെ മത്സ്യത്തിന്റെ വായിൽ നിന്ന് വീണ്ടെടുത്തു. ഇങ്ങനെ നോമ്പിനാലുണ്ടാകുന്ന ഭാഗ്യങ്ങൾ, നേട്ടങ്ങൾ അനവധിയാണ് എന്ന് വി. വേദപുസ്തകത്തെ അടിസ്ഥാനമാക്കി സഭ പഠിപ്പിക്കുന്നു.

കാനോനികമായ അഞ്ചു നോമ്പുകളിൽ രണ്ടെണ്ണം (വലിയ നോമ്പ്, യൽദോ നോമ്പ്) കർത്താവുമായി നേരിട്ടു ബന്ധപ്പെട്ടതും, മറ്റു മൂന്ന് യോനാ പ്രവാചകൻ, അപ്പോസ്തലന്മാർ, ദൈവമാതാവ് എന്നിവരുമായി ബന്ധപ്പെട്ടതുമാണ്. ഈ നോമ്പുകൾ കൂടാതെ ബുധൻ, വെള്ളി നോമ്പുകൾ നോൽക്കണമെന്നും സഭ അനുശാസിക്കുന്നു. ബുധൻ ദൈവമാതാവിനെ പ്രതിയും വെള്ളി കർത്താവിന്റെ ക്രൂശിനെ സ്മരിച്ചുകൊണ്ടുമാണ് ആചരിക്കുന്നത്. അപ്പോൾ ആകെ ഒരാണ്ടിലെ നോമ്പുദിനങ്ങളെത്രയാണ്? പതിനെട്ടിട, ഉയിർപ്പു മുതൽ പെന്തക്കോസ്തി വരെയുള്ള ഏഴാഴ്ചയും (9 ബുധൻ, 9 വെള്ളി) കാനോനിക നോമ്പുകാലഘട്ടത്തിലെ ബുധൻ, വെള്ളി ദിവസങ്ങളും (27) കഴിച്ച് ബുധൻ-വെള്ളി ദിനങ്ങൾ 59. ആകെ 165 ദിവസം ഒരാണ്ടിൽ സഭാവിധിപ്രകാരമുള്ള നോമ്പനുഷ്ഠിക്കുവാൻ വിശ്വാസികൾ ബാധ്യസ്ഥരാകുന്നു. ഇതുകൂടാതെ അകാനോനികമെങ്കിലും മാതാവിന്റെ ജനനവുമായി ബന്ധപ്പെട്ട എട്ടുനോമ്പ് നോൽക്കുന്ന വിശ്വാസികളുണ്ട്. പ്രിയപ്പെട്ടവരുടെ മരണത്തോടനുബന്ധിച്ച് നാല്പതു ദിവസം നോമ്പെടുക്കുന്ന രീതിയും നമ്മുടെ സഭയ്ക്കുണ്ട്.

**വലിയനോമ്പിന്റെ നാളുകൾ പ്രത്യേകമായും അനുതാപത്തിന്റെയും അനുരഞ്ജനത്തിന്റെയും നാളുകളായി കരുതുന്ന സമയമാണ്.** അനുരഞ്ജനത്തിലൂടെ കർത്താവിന്റെ കഷ്ടതയുടെ സ്മരണയിലേയ്ക്കും, ഉയിർപ്പിന്റെ പങ്കാളിത്തത്തിലേയ്ക്കുമുള്ള യാത്രയാണത്. അതുകൊണ്ടാണ് നോമ്പിന്റെ തുടക്കത്തിലും ഒടുക്കവും ശുബ്ക്കോനോ ശുശ്രൂഷ നടത്തുന്നത്.

**ഉപസംഹാരം**

നോമ്പ് എന്ന വിഷയത്തേക്കുറിച്ച് ചില ചിന്തകളാണ് മേൽക്കുറിച്ചിട്ടുള്ളത്. ഒരു നോമ്പിന്റെ സമീപത്ത്- ഉപവസിക്കുവാൻ സഭ ഒരുങ്ങുന്ന ഈ സമയത്ത് ഈ ചിതറിയ ചിന്തകൾ അർത്ഥമറിഞ്ഞ് നോമ്പനുഷ്ഠിക്കുവാൻ പ്രചോദനമാകട്ടെ എന്നാശംസിക്കുന്നു. നോമ്പ് പൂർണ്ണതയിലേയ്ക്കു നയിക്കുന്നതാകണം. സ്നേഹാധിഷ്ഠിതമാകണം. അനുരഞ്ജനമില്ലാതെ നോമ്പ് അപ്രസക്തം. സാമൂഹ്യ വശങ്ങൾ മറക്കരുത്. ആത്മശരീരമനസ്സുകളുടെ സൗഖ്യത്തിന് അത് മുഖാന്തിരമാകണം. ദൈവസൃഷ്ടിയായ ഈ പ്രപഞ്ചത്തിന്റെ താളം തകർക്കാത്ത, പ്രപഞ്ച ധർമ്മ-താളങ്ങളെ പ്രോജ്വലിപ്പിക്കുന്ന ഒന്നാകണം നോമ്പ്. ദൈവം അനുഗ്രഹിക്കട്ടെ. ■



# നോമ്പിന് ഒരു ആമുഖം.

ഫാ. യോഹന്നാൻ, STOTS,Nagpur

ശബ്ദതാരാവലിയിൽ നോമ്പ് എന്ന വാക്കിന് വ്രതം, ഉപവാസം, ഒരുക്കം, എന്നീ വിവിധ അർത്ഥങ്ങൾ നൽകിയിട്ടുണ്ട്. ശരീരം, വാക്ക്, മനസ്സ് എന്നീ ത്രിവിധകാരണങ്ങളെകൊണ്ടുള്ളതും, അനന്യപരമായ സേവയോടു കൂടിയതുമായ നിഷ്ഠയാണ് നോമ്പ് എന്നത് കൊണ്ട് വിവക്ഷിക്കുന്നത്. ഇത് ശരീരമനസ്സുകളെ പാകപ്പെടുത്തുന്ന ഒരു ജീവിതശൈലിയാണ്. എല്ലാ മത വിഭാഗങ്ങളിലും നോമ്പ് എന്നത് കർമ്മപ്രധാനമായ ഒരു ജീവിതാനുഷ്ഠാനമാണ്. പരമകാരുണികനായ ദൈവത്തോടു കൂടിയുള്ള വാസമാണ് നോമ്പുകാലങ്ങളിൽകൂടി ഒരുവന് ലഭ്യമാകുന്നത്. പല രോഗങ്ങളുടെയും ശമനത്തിന് നോമ്പും, ഉപവാസവും, വൈദ്യവിഹിതമായ ചികിത്സാവിധിയാണ്.

ചിന്തിക്കുന്ന മനസ്സിനെ എപ്പോഴും നയിക്കുന്നത് ചില താല്പര്യങ്ങൾ ആയിരിക്കും. അങ്ങനെയുള്ള ഓരോ താല്പര്യവും നിറവേറുന്നത് ജീവിതത്തിൽ ഓരോ തരത്തിലുള്ള സംതൃപ്തി കൈവരുത്തും. ആത്മാവിനാണ് ആത്യന്തികമായി ഈ സംതൃപ്തി കൈവരുന്നത്. നോമ്പിൽകൂടി, ദൈവസാന്നിധ്യബോധവും, ആത്മസംതൃപ്തിയും കൈവരിക്കുവാനാണ് ഒരു ക്രിസ്തീയ വിശ്വാസി ലക്ഷ്യമിടുന്നത്.

വി. വേദപുസ്തകം നോമ്പും ഉപവാസവും അനുഷ്ഠിച്ച് ദൈവീക അനുഭവങ്ങൾ സ്വയത്തമാക്കിയ അനേകം മഹദ് വ്യക്തികളേപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. പ.സഭയുടെ നോമ്പിലെ നമസ്ക്കാരത്തിന്റെ പ്രാർത്ഥനകളിൽകൂടി നമുക്ക് മനസ്സിലാകുന്നത്. തിന്മയുടെ ശക്തികളെ ജയിച്ച്, ദൈവപ്രീതി

സമ്പാദിക്കുവാൻ നോമ്പ് ഒരുവനെ സഹായി-ക്കുന്നു എന്നാണ്. അതിനായി അനേകം വ്യക്തികളുടെ ജീവിതാനുഭവങ്ങൾ സാക്ഷ്യങ്ങളായി നൽകിയിരിക്കുന്നു. മോശ, ഏലിയാവ്, ദാനിയേൽ, നിനവയിലെ ജനങ്ങൾ മുതലായവർ എല്ലാം പലയാവർത്തി പരാമർശിക്കപ്പെടുന്നു. പരിപാവനമായ നോമ്പിൽകൂടി ദൈവത്തിന്റെ സന്നിധിയിൽ ഔന്നത്യം പ്രാപിച്ച ധാർമ്മികരാണ് നമുക്ക് വഴികാട്ടികൾ. നമ്മുടെ ദൈവം തന്നെ നോമ്പ് നോറ്റ് നമ്മെ അത് പഠിപ്പിച്ചിട്ടുണ്ട്. ആ മാതൃകകൾ പിൻപറ്റി ദൈവപ്രീതി സമ്പാദിക്കുവാനാണ് നോമ്പാനുഷ്ഠാനങ്ങളിൽകൂടി നാം ശ്രമിക്കേണ്ടത്.

**നോമ്പ് നോൽക്കേണ്ടത് എങ്ങനെ?**

കർത്താവായ യേശുവിന്റെ കൂടെയുള്ള ജീവിതവാസമാണ് നോമ്പിൽകൂടി നാം ലക്ഷ്യമിടുന്നത്. അത് എപ്രകാരമായിരിക്കണം എന്ന് വി. വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു.

**a. ഭക്ഷണം വർജ്ജിക്കുക. (Abstinence of Food )**

ഈ ലോകത്തിൽ മനുഷ്യന്റെ നിലനിൽപിന് ആവശ്യമായ സുപ്രധാന ഘടകങ്ങളിൽ ഒന്നാണ് ഭക്ഷണം. അത് ആർജ്ജിക്കുവാനും അനുഭവിക്കാനുമുള്ള തത്രപ്പാടിൽ ദൈവത്തെ മറന്നു കളയുമ്പോൾ നാം ഭക്ഷണം മൂലം പാപം ചെയ്തവരാകും. ആദിമാതാപിതാക്കൾക്ക് ഏദൻ തോട്ടത്തിൽവെച്ച് സംഭവിച്ചത് അതാണ്. അനുസരണക്കേടിന്റെയും, ദുരാഗ്രഹത്തിന്റെയും അവിശ്വസ്തതയുടെയും പാപത്തിലേക്ക് അവരെ തള്ളിയിട്ടത് ഭക്ഷണ മോഹമായിരുന്നു. (ഉല്പത്തി. 3:6). ഇസ്രയേൽ ജനതയുടെ മരുഭൂമിയിൽകൂടിയുള്ള പ്രയാണത്തിലും ഭക്ഷണമോഹം പൂണ്ട് പലയാവർത്തി അവർ ദൈവത്തെ തള്ളിപ്പറയുകയും മരണശിക്ഷ അനുഭവിക്കുകയും ചെയ്യേണ്ടതായി വന്നു എന്ന് നാം കാണുന്നു. (പുറ. 16:3; സംഖ്യ11:4-5) പരിശുദ്ധാത്മപൂർണ്ണനായി 40 ദിനരാത്രങ്ങൾ ഉപവസിച്ച കർത്താവിനേയും പരീക്ഷയിൽ അകപ്പെടുത്തുവാനായി ഉപയോഗിച്ച തന്ത്രം ഭക്ഷണ മോഹമായിരുന്നു. (മത്താ. 4:3) എന്നാൽ ഭക്ഷണം കൊണ്ട് ആദ്യ ആദാമിനെ പരാജയപ്പെടുത്തിയ പിശാചിന്റെ അതേ തന്ത്രത്തെ കർത്താവ് പരാജയപ്പെടുത്തുന്നു. ഇങ്ങനെ പിശാച് ഭക്ഷണത്തെ മനുഷ്യന്റെ ആത്മീയ വീഴ്ചയ്ക്ക് ഉപയോഗിക്കുന്നത്കൊണ്ടാണ് നോമ്പിൽ ഭക്ഷണം വർജ്ജിക്കണം എന്ന് പറയുന്നത്. (1 കൊരി. 6:13)

**b. അനുതാപമുള്ളവരായിരിക്കണം. (Repent & confess)**

നോമ്പിലെ പ്രാർത്ഥനകളിൽ ആവർത്തിച്ച് വെളിവാക്കുന്ന സത്യമാണ് നാം അനുതാപമുള്ളവരായി ജീവിക്കണം എന്നത്. നമ്മുടെ കുറവിലേക്ക് നാം പോകുന്നതാണ് അനുതാപം. വെറും ഭക്ഷണത്തിനോടുള്ള നിരാസം മാത്രമല്ല നോമ്പ് മറിച്ച് പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും അനുഭവത്തിൽ നാം ദൈവസന്നിധിയിൽ എത്രമാത്രം തപിക്കുന്നു എന്നതാണ്. ഇസ്രയേൽ ജനതയോട് പ്രവാചകൻ വഴി ദൈവം ചോദിക്കുന്നത് ഇവിടെ പ്രസക്തമാണ്. നിങ്ങൾ എനിക്കു വേണ്ടിത്തന്നെയോ ഉപവസിച്ചത്? (സക്ക. 7:5). ഇസ്രായേൽ ജനതയുടെ അർത്ഥമില്ലാത്ത നോമ്പിനേയും, ഉപവാസത്തേയും ദൈവം ശാസിക്കുന്നു.

സങ്കീർത്തനക്കാരൻ പാടുന്നത് പോലെ, 'മാനിന്റെ ഗതി നീർത്തോടുകളിലേക്കെന്നപോലെ, നമ്മുടെ ആത്മാവ് ദൈവസന്നിധി കാംക്ഷിക്കണം'. (സങ്കീ. 42:1). അതിന് നമുക്ക് അനുതാപം ആവശ്യമാണ്. ഹൃദയം പാപബോധത്താൽ തപിച്ച് ദൈവത്തോട് നാം ക്ഷമായാചനം നടത്തണം. പൂർണ്ണഹൃദയത്തോടും, കരച്ചിലോടും, വിലാപത്തോടും കൂടി നാം ദൈവസന്നിധിയിലേക്ക് അടുത്ത് വരണം. അതാണ് അനുതാപം (യോവേൽ 2:12). ദൈവത്തിൽ നിന്നും നമ്മെ അകറ്റുന്ന പാപത്തെ നാം അകറ്റി, ദൈവസന്നിധിയിലേക്ക് നാം കൂടുതൽ അടുക്കുന്നതിന് അനുതാപം നമ്മെ സഹായിക്കുന്നു.

**c. സമർപ്പണമുള്ളവരായിരിക്കുക. (Dedication to God)**

യഥാർത്ഥ നോമ്പനുഷ്ഠാനം എന്നത് ദൈവസന്നിധിയിൽ നമ്മെത്തന്നെ താഴ്ത്തുന്ന 'പ്രക്രിയയാണ്. അഹന്ത വെടിഞ്ഞ്, പരിപൂർണ്ണമായി ദൈവത്തിൽ ആശ്രയിക്കുക. നിനവെക്കാരുടെ നോമ്പ് ഇതിൽ ശ്രേഷ്ഠമായി കണക്കാക്കപ്പെടുന്നു. അതിൽ ശ്രദ്ധേയമായ ഒരു സംഗതി, രാജാവ് മുതൽ പൈതങ്ങൾ വരെയും എല്ലാ മൃഗജാലങ്ങളും നോമ്പനുഷ്ഠിച്ചു എന്നതാണ്. രാജാവ് സിംഹാസനത്തിൽ നിന്നെഴുന്നേറ്റ്, രാജവസ്ത്രം നീക്കി വച്ച് രട്ട് പുതച്ച് ചാരത്തിൽ ഇരുന്നു. (യോന 3:6). ഒരു ദേശത്തെ ഭരിക്കുന്ന രാജാവ് പോലും ഇത്രമാത്രം സ്വയം താഴ്ത്തി ദൈവസന്നിധിയിലേക്ക് അടുത്തു വരുന്നു. അതിനാൽത്തന്നെ, അവരുടെ പ്രാർത്ഥന ദൈവസന്നിധിയിൽ എത്തുകയും, മുമ്പിലുണ്ടായിരുന്ന, വരാമായിരുന്ന ദൈവശിക്ഷയിൽ നിന്ന് അവർ ഒഴിവാകുകയും ചെയ്തു.

**ഹോശേയാ പ്രവചനത്തിൽകൂടി ഇസ്രയേലിന്റെ പാപങ്ങളെപ്പറ്റി ദൈവം അവരെ ഓർമ്മിപ്പിക്കുമ്പോൾ പ്രധാനമായും പറയുന്നത് അവർ അഹന്ത ഉള്ളവരായിരുന്നു എന്നാണ്.** തങ്ങളുടെ ജീവിതത്തിൽ വേണ്ടുന്നതെല്ലാം ആവോളം ദൈവം അവർക്കു നൽകിയപ്പോൾ അവരുടെ ഹൃദയം ഉയർന്ന് അവർ ദൈവത്തെ മറന്നു കളഞ്ഞു (ഹോശെയാ. 13:6), (ദ്രിനവ്യ. 8: 12,13). വി. ലൂക്കോസിന്റെ സുവിശേഷം 12 ാം അദ്ധ്യായത്തിൽ കാണുന്ന വിഡ്ഢിയായ ധനവാനും ഈ അഹന്താമനോഭാവം ആണ് ഉണ്ടായിരുന്നത്. അഹന്ത, ഗർവ്വം, നിഗളം എന്നെല്ലാം ദൈവസന്നി ധിയിൽ നിന്ന് ഒരുവനെ അകറ്റുന്ന പാപമാണ് (എസക്കിയേൽ 16:49; 15, 14:1214; ഗലാ 5:20, 22). ഒന്നിലും മഹത്വപ്പെടാതെ എല്ലാം ദൈവം തന്നതാകുന്നു എന്ന ചിന്തയിൽ ജീവിക്കുമ്പോൾ നമുക്ക് കൂടുതൽ വിനയം കൈവരിക്കാൻ സാധിക്കും. അതിനാലാണ് വി. പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നത് സർവ്വവും ദൈവത്തിന്റെ ദാനമാണ് എന്ന്. (എഫെ. 2:8, റോമ. 6:23). അഹം ബോധത്തിൽ നിന്ന് അവ ബോധത്തിലേക്കും അതിലൂടെ അനശ്വര പ്രകാശത്തിലേക്കും നമ്മെ നയിക്കുന്നതാണ് നോമ്പ്.

**ഉപസംഹാരം.**

സഭാപിതാക്കന്മാരുടെ പഠിപ്പിക്കലുകളിൽ ഉപവാസം എന്നത് ദൈവത്തോടുള്ള പന്തിഭോജനമാണ്. (Fasting is Feasting with God) ദൈവത്തോടൊപ്പം വസിക്കാനും, ആഗ്രഹങ്ങൾ അനുഗ്രഹങ്ങൾ പ്രാപിക്കുവാനും ദൈവസ്നേഹം സഹോദരങ്ങളോടൊപ്പം പങ്കിടുവാനും നോമ്പിൽകൂടി നമുക്ക് സാധിക്കണം. ഇന്നത്തെ തിരക്കേറിയ ലോകത്തിൽ നിന്ന് മാറി അല്പം വേറിട്ട് നിൽക്കുവാനും ലൗകികതയിൽ നിന്നും നമ്മെ മാറ്റി ആത്മീയതയിലേക്ക് നമ്മെ അടുപ്പിക്കുന്ന അനുഷ്ഠാനമായി നോമ്പ് മാറണം. ഇതൊരു പഥ്യമാണ്. ശരീരത്തിന്റെയും മനസ്സിന്റെയും രോഗം മാറ്റാൻ ദൈവമാകുന്ന വൈദ്യൻ നമുക്കായി നൽകിയിരിക്കുന്ന പഥ്യം. അത് വേണ്ടവിധം ശരിയായി ആഹരിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.




# ഉപവാസം : പിതാക്കന്മാരുടെ പഠനം.

സമ്പാ: ഫാ. അജു. കെ. വർഗീസ്, ഭിലായ്

രാജ്യത്തിന്റെ രക്ഷയെ മുന്നിൽ കണ്ട് ഇസ്രയേലിന്റെ ചരിത്രത്തിൽ എക്കാലവും ഉപവാസം പ്രഖ്യാപിച്ചിരുന്നു.

ന്യായാധിപന്മാരുടെ പുസ്തകവും (ന്യായ.20:26), ശമുവേലിന്റെ പുസ്തകവും(1 ശമു. 7:6), നെഹമിയാ പ്രവാചകന്റെ പുസ്തകവും (നെഹെ. 1:4), യിരമ്യായിന്റെ അരുളപ്പാടും (യിര. 36:9) ഇതിന് തെളിവുകൾ ആണ്.

ഉപവാസത്തിന്റെ ദൈർഘ്യം വ്യത്യസ്തമാണ്. ദിവസം മുഴുവനുമോ (1 ശമു. 14:24), (2 ശമു. 3:35) രാത്രി മുഴുവനുമോ (ദാനി. 6:18) മൂന്ന് ദിനരാത്രമോ (എസ്ഥേർ 4:16) ഏഴ് ദിവസമോ (1 ശമു. 31:13), (2 ശമു. 12:16 -18) നാല്പത് ദിവസമോ (പുറപ്പാട് 34:28) (1 രാജാ19:8) ദൈർഘ്യമുള്ള ഉപവാസം പഴയനിയമത്തിൽ നമുക്ക് കാണാൻ സാധിക്കും. സീനായ് മലയിൽ വച്ച് ദൈവകല്പനകൾ സ്വീകരിക്കുന്നതിന് മുമ്പ് മോശ പ്രവാചകൻ നാല്പത് ദിനരാത്രങ്ങൾ ഉപവസിക്കുന്നത് നമുക്ക് കാണാം. ദാനിയേലും, ദാവീദും ഒക്കെ അങ്ങനെചെയ്തു. അതുമൂലം അവർ ആത്മീയ കെല്പ്പുള്ളവരായിമാറി. അവർ ദൈവത്തെ ദർശിക്കുകയും, ദൈവസ്വരം ശ്രവിക്കുകയും അത് വ്യാഖ്യാനിക്കുവാൻ കഴിവുള്ളവരായിമാറി. പുതിയ നിയമത്തിൽ നമ്മുടെ കർത്താവ് 40 ദിവസം ഉപവാസം അനുഷ്ഠിക്കുന്നു. (വി.മത്താ. 4:1 - 2). ഉപവാസത്തിനുശേഷം പട്ടത്വ ശുശ്രൂഷ നടത്തുന്നതായി അപ്പോസ്തോല പ്രവർത്തികൾ 13:2-3, 14: 23 ൽ കാണുന്നു. ഉപവാസത്തെപ്പറ്റിയും, നോമ്പിനെക്കുറിച്ചും സഭാപിതാക്കന്മാർ വിവിധ കാലഘട്ടത്തിൽ രേഖപ്പെടുത്തിയ വചനങ്ങൾ ചുവടെ ചേർക്കുന്നു.

**തെർത്തുല്യൻ**

ഉപവാസത്തെക്കുറിച്ചുള്ള ഏറ്റവും പഴയ രചയിതാവ് അദ്ദേഹമാണ്."Do leiunio adversus psychlcos". വി. ഗ്രന്ഥത്തെ ആധാരമാക്കിയിട്ടുള്ള ഉപവാസത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പഠനം പിൻതലമുറക്കാർ സ്വീകരിച്ചു.

ഉപവാസം ആദ്യപാപത്തിന്റെ വശീകരണത്തിൽ നിന്നും നമ്മെ വിടുവിച്ച് അനുതാപത്തിലേക്ക് നയിക്കുന്നു. ഭക്ഷണസാധനങ്ങളുടെ വർജ്ജനവും ദൈവിക കല്പനകളുടെ പാലനവും നമ്മെ ആദ്യ പാപത്തിന്റെ കെടുതിയിൽ നിന്നും മോചനം തരുന്നു. ഉപവാസം വഴി ഉപവസിക്കാനുള്ള ദൈവകല്പന - നന്മതിന്മകളുടെ തിരിച്ചറിവിന്റെ വൃക്ഷത്തിൽ നിന്നും ഭക്ഷിക്കാതിരിക്കാനുള്ള - ലംഘിച്ചതിന് അവൻ പരിഹാരം ചെയ്ത് ദൈവത്തെ പ്രീതിപ്പെടുത്തുന്നു.

**ഒരിജെൻ**

കാലഹരണപ്പെട്ട യഹൂദ രീതിയിലല്ല ക്രൈസ്തവർ ഉപവസിക്കേണ്ടത്, പ്രത്യുത സുവിശേഷ ത്തിനനുസൃതമായി, മിശിഹായോടൊന്നിച്ച് ഉപവസിച്ചുകൊണ്ട് നീ മിശിഹ ആകുന്ന ഉന്നത പുരോഹിതന്റെ അടുത്തേയ്ക്ക് പോകണം. അവൻവഴി ദൈവത്തിനു ബലിയർപ്പിക്കണം. ക്രൈസ്തവന് എല്ലാസമയത്തും ഉപവസിക്കാനുള്ള സ്വാതന്ത്ര്യമുണ്ടെന്നും അത് അനുഷ്ഠാനങ്ങൾ കൂട്ടുവാനല്ല, പ്രത്യുത സ്വയം നിയന്ത്രണം നേടുന്നതിനാണെന്നും ഒരിജെൻ നമ്മെ ഓർമ്മപ്പെടുത്തുന്നു.

**അത്തനേഷ്യസ്**

തിരുനാളിന്റെ എഴുത്ത് (Lettre Festale) എന്ന കത്തിൽ അദ്ദേഹം ഉപവാസത്തെക്കുറിച്ച് പഠിപ്പിക്കുന്നു. ഉപവാസത്തെ വിശുദ്ധീകരിക്കണമെന്ന് അദ്ദേഹം നിർദ്ദേശിക്കുന്നു. (യോവേൽ 2:15). അതായത്, ശരീരം കൊണ്ടും ആത്മാവും കൊണ്ടും ഉപവസിക്കണം. തിന്മയുടേതായ പ്രവർത്തികൾ ഉപേക്ഷിക്കുകയും ആത്മാവിന് ആലങ്കാരികമായി ഉപകരിക്കുന്ന നന്മകൾ ഭക്ഷിക്കുകയും ചെയ്യുന്നതുവഴിയാണ് ആത്മാവ് വിശുദ്ധീകരിക്കപ്പെടുകയെന്ന് അദ്ദേഹം നമ്മെ ഓർമ്മപ്പെടുത്തുന്നു.

**മാർ അപ്രേം**

ഉപവാസത്തെക്കുറിച്ചുള്ള പാട്ടുകൾ മാർ അപ്രേം എഴുതിയിട്ടുണ്ട്. പഴയനിയമത്തിലെ ഉപവാസത്തിന്റെ മാതൃകകൾ എടുത്ത് വ്യാഖ്യാനിച്ചുകൊണ്ടാണ് അദ്ദേഹം ഉപവാസത്തെക്കുറിച്ച് പഠിപ്പിച്ചത്. ഉപവാസം വിശുദ്ധ ഗ്രന്ഥത്തിൽ സ്ഥിതി ചെയ്യുന്ന ദൈവിക നിധിയാണ് എന്ന് അദ്ദേഹം പഠിപ്പിക്കുന്നു. ദൈവസന്നിധിയിലേക്ക് നമ്മുടെ ചിന്തകൾ ഉയർത്തുന്നതിനും പ്രലോഭനങ്ങൾക്കെതിരെ പൊരുതുന്നതിനും പരിശുദ്ധ അരൂപിയുടെ ഫലങ്ങൾ സ്വീകരിക്കുന്നതിനും ഉപവാസം അത്യാവശ്യമത്രേ. അതുകൊണ്ട് മൂശയുടെയും ഏലിയായുടേയും കരങ്ങൾ നമുക്ക് സംലബ്ധമാക്കുന്ന ഉപവാസത്തെ നമുക്ക് സ്നേഹത്തോടും സന്തോഷത്തോടും കൂടെ സമീപിക്കാം.

വിശുദ്ധി സൂക്ഷിക്കുന്നതിനുള്ള ഉപാധിയാണിതെന്ന് അദ്ദേഹം പഠിപ്പിച്ചു. മാംസം കേടുകൂടാതെ ഉപ്പ് സൂക്ഷിക്കുന്നത് പോലെ ഉപവാസം വഴി നമ്മൾ പുണ്യങ്ങൾ സംരക്ഷിക്കുന്നു. ഉപവാസം അശുദ്ധിയെ അകറ്റുകയും വികാര-ങ്ങളെ നിയന്ത്രിക്കുകയും രാജാവിന് നമ്മളിൽ വാസസ്ഥലം ഒരുക്കുകയും ചെയ്യുന്നു. കണ്ണിൽ വീഴുന്ന വൈരാഗ്യചിന്തകളെയും, ചീത്തയായ ആഗ്രഹങ്ങളെയും അതു നിയന്ത്രിക്കുകയും അനാവശ്യ കാര്യങ്ങൾ സംസാരിക്കാതെ നാവിനെ സൂക്ഷിക്കുകയും ചെയ്യുന്നു. വിശുദ്ധിയുടെ ഫലങ്ങൾ പുറപ്പെടുവിക്കുന്ന ഉപവാസത്തെ സ്നേഹിക്കുവാനും മനസ്സും ആത്മാവും അഴുക്കില്ലാത്തതായി കാത്തുസൂക്ഷിക്കുവാനും ഉപവാസം വഴി നല്ല താല്പര്യങ്ങൾ ഹൃദയത്തിൽ ജനിപ്പിക്കുവാനും ആത്മാവിനെ ശക്തിപ്പെടുത്താനും അങ്ങനെ ജീവന്റെ മണവറിയിലേക്ക് വിളിക്കപ്പെടുവാനും ഇടയാകണമെന്ന് അദ്ദേഹം ഉപദേശിക്കുന്നു.

**ബേസിൽ**

മിശിഹായുടെ മരണവും ഉത്ഥാനവും പ്രഘോഷിക്കാനാണ് നാം ഉപവസിക്കുന്നത്. അതുവഴിയായി നാം മിശിഹായെ അറിയുകയും മിശിഹായോട് ചേർന്ന് നാം ക്രൂശിക്കപ്പെടുകയും ചെയ്യുന്നു.

**അഗസ്തിനോസ്**

ഉപവാസം ആത്മാവിനെ സ്വർഗ്ഗീയ ഭക്ഷണത്തിലേക്ക് ഉയർത്തും. ഉപവാസം ശരീരത്തെ കീഴടക്കുന്നതിന് ആവശ്യമാണ്.

**ജെറോം (419)**

ഉപവാസം പൂർണ്ണമായ ഒരു പുണ്യമല്ലെങ്കിലും മറ്റ് പുണ്യങ്ങളുടെ അടിസ്ഥാനമാണ്. സന്യാസിയുടെ എളിമയും പ്രാർത്ഥനയുടെ ജീവിതവും തുടർന്നു കൊണ്ടുപോകാൻ ഉപവാസം അത്യാവശ്യമാണ്.

**അത്തനേഷ്യസ്**

ഉപവസിക്കുക എന്നാൽ മാലാഖമാരുടെ ജീവിതത്തിലേക്ക് പ്രവേശിക്കുകയാണ്. സാത്താനെതിരെ സമരത്തിനുള്ള ഫലപ്രദമായ ഒരു മാർഗ്ഗവുമാണ് ഉപവാസം.

**പത്രോസ് ക്രിസോലോഗസ്(450)**

സഹോദരന്മാരേ, നമ്മുടെ ഉപവാസം പാവപ്പെട്ടവർക്ക് സന്തോഷമായിരിക്കട്ടെ, അങ്ങനെ നമ്മുടെ ഉപവാസം നമുക്ക് നിത്യമായ സന്തോഷം പ്രദാനം ചെയ്യട്ടെ. യാഥാർത്ഥ്യമായ ഉപവാസം പൂർണ്ണതയിലെത്തുന്നത് ദാനധർമ്മം വിഭാവനം ചെയ്യുമ്പോഴാണ്.

**ജോൺ ക്രിസോസ്തം**

ദാനധർമ്മം അനുധാവനം ചെയ്യുന്നില്ലെങ്കിൽ ഉപവാസം സ്വർ-ഗ്ഗത്തിലേക്ക് ഉയരില്ല. പ്രാർത്ഥനയുടെ സഹോദരിയാണ് ഉപവാസം. അവ രണ്ടും ഒരുമിച്ച് കൊണ്ട്പോകണം.

**ജോൺ കാസിയൻ**

ശരീരത്തിന്റെ ഉപവാസത്തെക്കാൾ ആത്മാവിന്റെ ഉപവാസത്തിന് മുൻഗണന നൽകേണ്ടതാണ്. പാപം, പ്രത്യേകിച്ച് സഹോദരസ്നേഹത്തിന് എതിരായ പാപം വർജ്ജിക്കണം. ഭക്ഷത്തിലോ പാനീയത്തിലോ വശീകരിക്കപ്പെട്ട് നിയമമനുസരിച്ചുള്ള സമയത്തിന് മുൻപ് ഭക്ഷണം കഴിക്കരുത്.

ക്രൈസ്തവ ഉപവാസം അകന്നിരിക്കുന്നു. ആരെങ്കിലും ഉപവാസത്തിൽ നിന്ന് പിന്തിരിഞ്ഞാൽ സാത്താൻ അവനിൽ ആവസിക്കുകയും അവൻ പാപത്താൽ വിഴുങ്ങപ്പെടുകയും ചെയ്യും.

**അകീലേയിലെ ക്രോമസ്**

ഉപവസിക്കുമ്പോൾ അയൽക്കാരോട് കരുണകാണിക്കുന്നത് തലയിൽ തൈലം പൂശുന്നത് പോലെയാണ്.

**ഗാസ്സായിലെ ദോറോത്തി**

ഭക്ഷണ നിയന്ത്രണം പോലെത്തന്നെ ഉപവാസ ദിനങ്ങളിൽ സംസാരത്തിന്റെ നിയന്ത്രണവും ആവശ്യമാണ്. കള്ളം പറയുന്നതും അമിതഭാഷണം നടത്തുന്നതും മറ്റുള്ളവരെ കുറ്റം പറയുന്നതും അരിശപ്പെടുന്നതും ഉൾപ്പെടെ സംസാരത്തിലുണ്ടാകാവുന്ന എല്ലാ തിന്മകളും പാപങ്ങളും ഉപേക്ഷിക്കണം.

**പ്സ്യൂഡോ അത്തനേഷ്യസ്**

ഉപവസിക്കുക എന്നാൽ മാലാഖമാരുടെ ജീവിതത്തിലേക്ക് പ്രവേശിക്കുകയാണ്.

**തപസനായ മർസിയാനോസ്**

കുറച്ച് ഭക്ഷിക്കുന്നതോ, കുറെ ദിവസത്തേയ്ക്ക് ഭക്ഷിക്കാതിരിക്കുന്നതോ അല്ല യാഥാർത്ഥമായ ഉപവാസം. അത് തുടർച്ചയായ വിശപ്പാണ്. ഉപവാസത്തിന്റെ ലക്ഷ്യം ഉദരത്തെ വലിയ ഭാരത്തിൽ നിന്നും സ്വതന്ത്ര്യമാക്കി മനസ്സിനെ പ്രാപഞ്ചിക കാര്യങ്ങളിൽ നിന്നും രക്ഷപെടുത്തുകയാണ്.

**കേസറിയായിലെ ബെയിസിൽ**

ഉപവാസം ലോകസമാധാനത്തിന്റെ അച്ചാരമാണ്.

**മാബൂക്കിലെ ഫിലക്സീനോസ്**

ഭക്ഷ്യവസ്തുക്കളുടെ വർജ്ജനവും ഉപവാസവും വഴി നാം നമ്മുടെ ഉദരം അടയ്ക്കുകയും അരൂപിയുടെ വിഭവങ്ങൾ സ്വീകരിക്കാൻ മറ്റൊരു ഉദരം തുറക്കുകയും ചെയ്യുന്നു.

**അത്തോനേഷ്യസ്**

സാത്താന് എതിരെയുള്ള ഫലപ്രദമായ ഒരു മാർഗ്ഗമാണ് ഉപവാസം.

**മഹാനായ ലെയോ**

ഉപവാസത്തിന്റെകൂടെ ദാനധർമ്മവും വേണം.

**സെവീലിലെ ഇസിദോർ**

ഉപവാസം വിശുദ്ധമായ ഒന്നാണ്. സ്വർഗ്ഗീയമായ പണിയാണ്; സ്വർഗ്ഗത്തിന്റെ വാതിലാണ്; ഭാവിയുടെ രൂപമണ്.

# നോമ്പനുഷ്ഠാനം വചനത്തിലൂടെ.

ലുദിയ സിസ്റ്റർ, ഭിലായി.

പരിശുദ്ധ നോമ്പിന്റെ ദിനങ്ങളിലൂടെ നാം യാത്ര ചെയ്യുകയാണ്. പ്രാർത്ഥനയുടെ, സ്നേഹത്തിന്റെ, വിശുദ്ധിയുടെ കാലങ്ങൾ. സാധാരണയായുള്ള ജീവിത ചര്യകളിൽ നിന്നും വേർപെട്ട് ശരീരത്തിനും, മനസ്സിനും ശാന്തിയും സമാധാനവും പ്രദാനം ചെയ്യുന്ന ദിനങ്ങൾ. ദൈവവുമായുള്ള ഒരു അടുപ്പം. ആ സ്നേഹവലയത്തിൽ ആയിരിക്കുന്ന അവസ്ഥ. ഇവിടെ നമ്മുടെ നോമ്പനുഷ്ഠാനം നമ്മുടെ പ്രത്യേകമായ കാര്യസാദ്ധ്യത്തിനും നേട്ടങ്ങൾ ഉണ്ടാക്കുന്നതിനും വേണ്ടി മാത്രമൊ എന്ന് ചിന്തിക്കുന്നത് നല്ലതായിരിക്കും. പലപ്പോഴും പ്രതീക്ഷിക്കുന്ന രീതിയിൽ ഉത്തരം ലഭിച്ചു എന്നുവരില്ല. അപ്പോൾ അതിൽ പിറുപിറുക്കുന്നവരും നിരാശയുടെ അനുഭവത്തിലേക്ക് താഴുന്നവരും ഒക്കെയായി നാം മാറുന്നില്ലെ. നിരാശയുടെ വഴിയിലേക്ക് വീഴുകയും ഇത്രയും നാൾ നോമ്പ് അനുഷ്ഠിച്ചിട്ട് എന്തു പ്രയോജനം, ഇങ്ങനെ നോമ്പ് അനുഷ്ഠിക്കാതിരിക്കുന്നതാണ് നല്ലത് എന്നൊക്കെ വിചാരിച്ചു പോകുന്ന സമയങ്ങൾ. എന്നാൽ ഓരോ നോമ്പിന്റെ കാലങ്ങളിലും നാം എങ്ങനെ നോമ്പ് നോൽക്കണം, എന്തിന് നോമ്പ് നോൽക്കണം എന്ന് വിചിന്തനം ചെയ്യേണ്ടതാണ്. നോമ്പിന്റെ ശക്തിയെക്കുറിച്ചും ലഭിക്കുന്ന കൃപകളെക്കുറിച്ചും തിരിച്ചറിവുണ്ടാകുവാൻ ഇത് സഹായകമായിരിക്കും.

വിശുദ്ധ വചനങ്ങളിലൂടെ നാം കടന്നുപോകുമ്പോൾ ദൈവം തന്റെ പ്രവാചകനിലൂടെ നോമ്പിനെപ്പറ്റി വിശദമായി വിവരിച്ചിരിക്കുന്നത് കാണുവാൻ സാധിക്കും. (യെശയ്യാ.58) ഇവിടെ ദൈവത്തെ അന്വേഷിച്ച് മടങ്ങി വരുന്ന ഒരു ജനം, യിസ്രായേൽ മക്കൾ. അവരുടെ ജീവിതത്തിന്റെ നിരാശയുടെ ധ്വനിയാണ് 58-3ൽ കാണുന്ന്. ഞങ്ങൾ നോമ്പ് നോക്കുന്നത് നീ നോക്കാത്തതെന്ത്, ഞങ്ങൾ ആത്മതപനം ചെയ്യുന്നത് നീ അറിയാതിരിക്കുന്നതെന്ത്? ഈ വിലാപം അവരുടേതുമാത്രമല്ല, നമ്മുടേതുമാണ്. തുടർന്നുള്ള ഭാഗങ്ങൾ നാം വായിക്കുമ്പോൾ നമ്മുടെ നോമ്പിന് നാം പ്രതീക്ഷിക്കുന്ന ഉത്തരം ലഭിക്കാത്തതെന്തുകൊണ്ടെന്ന് മനസ്സിലാക്കുവാൻ കഴിയും. പലപ്പോഴും ദൈവത്തിന്റെ അവസരത്തിനുവേണ്ടി നാം കാത്തു നിൽക്കുന്നില്ല. നാം ആഗ്രഹിക്കുന്നത് ചോദിക്കുന്ന ഉടൻ തന്നെ ലഭിച്ചിരിക്കണം എന്ന വാശി. നല്ലത് തരുവാൻ ദൈവം ആഗ്രഹിച്ചാലും അതിനുവേണ്ടി അല്പം കൂടി സഹിക്കുവാൻ കഴിയുന്നില്ല. യഥാർത്ഥത്തിൽ അത് ദൈവത്തിലുള്ള വിശ്വാസക്കുറവല്ലെ? എന്നാൽ കാത്തിരിപ്പിന്റെ കാലങ്ങൾ വളരെ കഴിഞ്ഞിട്ടും അവരുടെ വിശ്വാസം തണുത്തിരുന്നില്ല. അവിടെ ദൈവത്തിന്റെ വാഗ്ദത്തം നിറവേറുകയായിരുന്നു.

പ്രാർത്ഥന, വേദവായന, കുമ്പിടീൽ തുടങ്ങിയ ബാഹ്യമായ കാര്യങ്ങൾകൊണ്ട് നോമ്പ് പൂർത്തിയാകുന്നു എന്നുള്ള ചിന്തയാണ് നമ്മുടേത്. എന്നാൽ ഇതുമാത്രം പോര എന്നാണ് വചനം സാക്ഷിക്കുന്നത്. ചാക്കുടുത്ത് ചാരത്തിൽ കിടന്ന് അനുതാപത്തിന്റെ ഉയർന്ന തലങ്ങളിലായാലും നോമ്പ് പൂർത്തിയാകുന്നില്ല, അതൊക്കെയും നോമ്പിലേക്ക് നമ്മെ നയിക്കുന്ന ഘടകങ്ങൾ മാത്രമാണ്. പിന്നെ എന്താണ് ദൈവത്തിന് പ്രീതികരമായ നോമ്പ്?

ഒന്നാമത്തെ പടി എന്നു പറയുന്നത് നാം സ്വതന്ത്രരാവുക എന്നതാണ്.

ഇന്ന് മനുഷ്യൻ അറിഞ്ഞും അറിയാതെയും അസ്വാതന്ത്രത്തിലാണ് കഴിയുന്നത്. അതായത് അടിമനുകത്തിൻ കീഴിലാണ്. ഈ ലോകവും അതിന്റെ വ്യാമോഹങ്ങളും അവനെ ബന്ധിച്ചിരിക്കുന്നു. ഇവിടെ ലഭിക്കുന്ന സുഖസൗകര്യങ്ങളും പണവും പ്രതാപവും ഇതിനപ്പുറത്തേക്ക് മനുഷ്യനെ വിട്ടുകൊടുക്കുന്നില്ല. ഉള്ളതുകൊണ്ട് തൃപ്തിപ്പെടുവാൻ ആഗ്രഹിക്കാതെ ജീവിക്കുന്ന മനുഷ്യൻ എത്ര ലഭിച്ചാലും അതിൽ സംതൃപ്തനല്ല. ഈ നുകത്തിൽ കീഴിൽ കിടന്നുകൊണ്ടാണ് അവൻ മുകളിലേക്ക് നോക്കുന്നത്, എവിടെ നോക്കിയാലും ഇരുണ്ട അനുഭവം. യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ ആകാശപ്പരപ്പിലേക്ക് പറന്നുയരുവാൻ സാധിക്കുന്നില്ല. ഗലാ.5-ൽ കാണുന്നത് സ്വാതന്ത്ര്യത്തിനായിട്ട് ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി, ആകയാൽ അതിൽ ഉറച്ചു നിൽപിൻ. അടിമ നുകത്തിൽ പിന്നെയും കുടുങ്ങിപ്പോകരുത് എന്നാണ്. തമ്പുരാൻ ആരുടെയും സ്വാതന്ത്രത്തെ ചോദ്യം ചെയ്യുന്നില്ല. സ്വാതന്ത്ര്യവും അസ്വാതന്ത്ര്യവും തെരഞ്ഞെടുക്കുന്നത് മനുഷ്യൻ തന്നെയാണ്. അങ്ങനെ നാം ചെയ്യുന്നതെന്താകിലും അതിന്റെ ഫലം നാം തന്നെ അനുഭവിക്കുകയും ചെയ്യുന്നു. ദൈവം ശിക്ഷയാൽ ശിക്ഷിക്കുന്ന ദൈവമല്ല സ്നേഹത്താൽ സ്നേഹിക്കുന്ന ദൈവമാണ്.

ക്രിസ്തുവിൽ സ്വാതന്ത്ര്യം എന്നു പറയുമ്പോൾ നാം കേൾക്കുന്ന, കാണുന്ന എല്ലാറ്റിനെയും സ്വീകരിക്കുക എന്നല്ല മറിച്ച് ദൈവം ആഗ്രഹിക്കുന്നതിനെ മാത്രം സ്വീകരിക്കുക എന്നതാണ്. പലതും ഉപേക്ഷിക്കേണ്ടതായി, ചപ്പും ചവറുമായി വലിച്ചെറിയേണ്ടതായി വരും, ഇത് പലപ്പോഴും വേദനാജനകമായിരിക്കും. എന്നാൽ ചെത്തി വെടിപ്പാക്കാതെ നല്ല ഫലമണിയുന്നില്ല. നോമ്പ് ചെത്തിവെടിപ്പാക്കലിന്റെ സമയമാണ്. പുതിയ നാമ്പുകൾ തളിരിടുവാൻ. നിറയെ ഫലമണിയുവാൻ. ക്രിസ്തുവിൽ സ്വാതന്ത്ര്യത്തിന് രണ്ടു വശങ്ങൾ കാണാവുന്നതാണ്. നാം സ്വതവെ അടിമത്വത്തിൽ നിന്ന് മുക്തിനേടുന്നതോടൊപ്പം നുകത്തിൽകീഴിലായിരിക്കുന്നവരെയും മോചനത്തിന്റെ മാർഗ്ഗത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. ഇതാ നിങ്ങൾ നോമ്പുനോൽക്കുമ്പോൾ തന്നെ നിങ്ങളുടെ കാര്യാദികളെ നോക്കുകയും നിങ്ങളുടെ എല്ലാ വേലക്കാരെയും കൊണ്ട് അദ്ധ്വാനിപ്പിക്കുകയും ചെയ്യുന്നു(58;3) അദ്ധ്വാനിക്കുന്നത് തെറ്റാണെന്ന് ദൈവം പറഞ്ഞിട്ടില്ല. എന്നാൽ അദ്ധ്വാനം ദൈവസന്നിധിയിൽ സ്വീകാര്യമായിരിക്കുന്ന തരത്തിൽ ഉള്ളതായിരിക്കണം. അപരന്റെ മനസ്സ് വൃണപ്പെട്ട് അവൻ മുകളിലേക്ക് കണ്ണുയർത്തിയാൽ അത് അദ്ധ്വാനിപ്പിക്കുന്നവന്റെ ശാപത്തിന് കാരണം ആകാൻ ഇടയാകരുത്. നാം എല്ലാവരും ദൈവരാജ്യത്തിന്റെ വേലക്കാരാണ്, കെട്ടുപണിക്കാരാണ്, അങ്ങനെയെങ്കിൽ എല്ലാപണികളും ദൈവസന്നിധിയിലാണ് കണക്കിടപ്പെടുന്നത്.

അടുത്തതായി നാം ചിന്തിക്കുമ്പോൾ നോമ്പ് , ഉപവാസം (കൂടെവസിക്കുക)ദൈവസ്നേഹത്തെ തിരിച്ചറിയുന്നതാണ്. ദൈവം സ്നേഹമാണ്. ഇത് രുചിച്ചറിയേണ്ടതാണ്. ദൈവം എന്നെ സ്നേഹിക്കുന്നു. ഇത് ഒരു ചെറിയ കാര്യമല്ല. ഈ പ്രപഞ്ചത്തെയും കാണപ്പെടുന്നതും കാണപ്പെടാത്തതുമായ കോടാനുകോടി നക്ഷത്രമണ്ഡലത്തെയും കൈക്കുമ്പിളിൽ അടക്കിവച്ചിരിക്കുന്ന സർവ്വശക്തനായ ദൈവം ആവശ്യപ്പെടുന്നു, കുഞ്ഞേ ഞാൻ നിന്നെ സ്നേഹിക്കുന്നു, നീ എന്റെ വകയാണ്, നീ എന്നെ സ്നേഹിക്കുമൊ? ദൈവത്തിന്റെ ഈ ചോദ്യത്തിനുമുമ്പിൽ എന്താണ് നമ്മുടെ മറുപടി? എന്തുയോഗ്യതയാണ് മനുഷ്യനുള്ളത്. എന്നാൽ



മനുഷ്യനിൽ യോഗ്യത ദൈവം കാണുന്നു. സൃഷ്ടിയുടെ മകുടമായ മനുഷ്യനെ ദൈവം ഒരുപാടൊരുപാട് സ്നേഹിക്കുന്നു. മറ്റെല്ലാ സൃഷ്ടിയെക്കാളും ഉപരിയായി ദൈവം മനുഷ്യനെ സ്നേഹിക്കുന്നു. സൃഷ്ടികർമ്മത്തിനുശേഷം ഏഴാം ദിവസം മനുഷ്യനുവേണ്ടി അവിടുന്ന് മറ്റിവച്ചു. അവന്റെ കൂടെ സന്തോഷിക്കുവാൻ, അവന്റെ കൂടെ ആയിരിക്കുവാൻ. ഇത് ഏദെനിൽ മാത്രമുള്ള ആഗ്രഹമായിരുന്നില്ല, ദൈവത്തിന്റെ ആഗ്രഹം ഇന്നും തുടരുകയാണ്, സൃഷ്ടിയോടൊപ്പം ആനന്ദിക്കുവാൻ, സന്തോഷം പങ്കുവയ്ക്കുവാൻ. എന്നാൽ നോമ്പുകാലങ്ങളിലെങ്കിലും ദൈവവുമായി കൂടുതൽ അടുക്കുവാൻ ആ സ്നേഹത്തെ അനുഭവിച്ചറിയുവാൻ നമുക്ക് കഴിയേണ്ടതാണ്. പിതാവിന്റെ ആ സ്നേഹത്തിന്റെ പാരമ്യമാണ് സ്വപുത്രനെ ലോകത്തിലേക്ക് അയച്ചത്. എന്റെ അമ്മയുടെ ഉദരത്തിൽ ഞാൻ ഉരുവാകുന്നതിനുമമ്പെ എന്നെ അറിയുന്ന എന്നെ സ്നേഹിക്കുന്ന പിതാവിന്റെ സ്നേഹം തിരിച്ചറിയുവാൻ ഇതുവരെയും എനിക്ക് കഴിഞ്ഞിട്ടുണ്ടോ. ദൈവത്തിനുവേണ്ടി മാറ്റിവയ്ക്കുവാൻ കുറച്ചു സമയമെങ്കിലും ഞാൻ കണ്ടെത്തുന്നുണ്ടോ? ഒന്നിനും സമയമില്ല എന്നായിരിക്കും മറുപടി, എന്നാൽ സമയവും കാലവും ദൈവകരങ്ങളിലല്ലെ, ദൈവത്തോടു കണക്കുപറയുവാൻ അയ്യോ ഞാൻ ആര്? എന്നെ കരുതുന്ന സ്നേഹിക്കുന്ന ദൈവത്തിന്റെ മുമ്പിൽ ഓരോന്ന് ആവശ്യപ്പെട്ട് വാശിപിടിക്കണോ, വേണ്ട നോമ്പുകാലം കാര്യസാദ്ധ്യത്തിനാകേണ്ട മറിച്ച്, ആ മുഖത്ത് നോക്കി ആ സ്നേഹത്തെ രുചിച്ചറിയുന്നതാകട്ടെ, മുമ്പെ അവന്റെ രാജ്യവും നീതിയും ആകട്ടെ. കൃപയുടെ അരുവി ഒഴുകിവരും സംശയിക്കേണ്ട.

നോമ്പിന്റെ അടുത്തപടി സഹോദരനെ തിരിച്ചറിയുകയാണ്.

7-ാം വാക്യത്തിലേക്ക് നോക്കുമ്പോൾ നോമ്പിന്റെ അനുഭവം, വിശപ്പുള്ളവന് നിന്റെ അപ്പം നുറുക്കിക്കൊടുക്കുന്നതും അലഞ്ഞു നടക്കുന്ന സാധുക്കളെ നിന്റെ വീട്ടിൽ ചേർക്കുന്നതും നഗ്നനെ കണ്ടാൽ അവനെ ഉടുപ്പിക്കുന്നതും നിന്റെ മാംസരക്തങ്ങൾ ആയിരിക്കുന്നവർക്ക് നിന്നെത്തന്നെ മറയ്ക്കാതിരിക്കുന്നതും അല്ലയൊ എന്നു കാണുന്നു. യഥാർത്ഥ നോമ്പിന്റെ ആത്മാവ് എന്റെ ആവലാധികളും പരാധികളും വിളിച്ചുപറയുന്നതല്ല, മറിച്ച് അപരന്റെ ബുദ്ധിമുട്ടുകളെ തിരിച്ചറിയുന്നതാണ്. എന്റെ സഹോദരൻ വിശപ്പുള്ളവനായി, ദാഹമുള്ളവനായി, നഗ്നനായി, പരദേശിയായി, അനാഥനായി എന്നോടൊപ്പം ഈ ലോകത്തിൽ കഴിയുന്നുണ്ട്, അവൻ എന്റെ കൂടെപ്പിറപ്പാണ്. എന്റെ രക്തം തന്നെയാണ്, ഇന്നുവരെ അവന്റെ കഷ്ടപ്പാട് ഞാൻ തിരിച്ചറിഞ്ഞിട്ടില്ല, അവനും അവന്റെ കുഞ്ഞുങ്ങളും ഭക്ഷണം കഴിച്ചോ എന്ന് ഞാൻ തിരക്കിയിട്ടില്ല. എനിക്കു തന്ന അനുഗ്രഹങ്ങളെ ഞാൻ തിരിച്ചറിയുന്നത് അവന്റെ ഇല്ലായ്മയെക്കുറിച്ച് മനസ്സിലാക്കുമ്പോളാണ്. ദൈവം എനിക്ക് എത്ര അനുഗ്രഹങ്ങളാണ് തന്നിരിക്കുന്നത്, അതും ഞാൻ തിരിച്ചറിഞ്ഞില്ല. എനിക്ക് കൂടുതൽ തന്നത് എന്റെ സഹോദരന് കൊടുക്കുവാനായിരുന്നു. ഈ തിരിച്ചറിവാണ് നോമ്പിന്റെ ഫലം എന്നുപറയുന്നത്.

എനിക്ക് ആരു തന്നു എന്തിനുതന്നു. നോമ്പ് ദൈവത്തെയും എന്നെയും എന്റെ സഹോദരനെയും കണ്ടെത്തുന്നതയിരിക്കണം.

നോമ്പ് പൂർത്തിയാകുന്നത് ദൈവകൃപകളെ നാം സ്വീകരിക്കുമ്പോളാണ്. അത് നാം ചോദിച്ചതൊന്നും ആയിരിക്കയില്ല. മക്കൾക്ക് എന്താണ് വേണ്ടത് എന്ന് സ്നേഹമുള്ള പിതാവ് തിരിച്ചറിയുന്നു. വയലിലെ താമരയെ സൗന്ദര്യമണിയിക്കുന്ന ദൈവം കണക്കില്ലാതെ, തൂക്കം നോക്കാതെ നൽകുന്നവനാണ്.

പകർന്നേകുമ്പോൾ, നമ്മുടെ സഹോദരന്റെ ദയനീയ മുഖം, നീട്ടിയിരിക്കുന്ന ശോഷിച്ച കരം നമ്മുടെ മനസ്സിലേക്ക് കടന്നുവരണം. അവനായി പകർന്നുകൊണ്ട് കരം വീണ്ടും നീട്ടാം. നമ്മുടെ കരം ശൂന്യമായിപ്പോവില്ല. നിറഞ്ഞുനിറഞ്ഞു കവിയും. പകർന്നേകാനാണ് ദൈവം നമ്മെ നടുവിൽ നിർത്തിയിരിക്കുന്നത്. ,,അപ്പോൾ നിന്റെ വെളിച്ചം ഉഷസ്സുപോലെ പ്രകാശിക്കും. നിന്റെ മുറിവുകൾക്ക് വേഗത്തിൽ പൊറുതിവരും. നിന്റെ നീതി നിനക്കുമുമ്പായി നടക്കും. യഹോവയുടെ മഹത്വം നിന്റെ പിമ്പട ആയിരിക്കും. അപ്പോൾ നീ വിളിക്കും യഹോവ ഉത്തരമരുളും നീ നിലവിളിക്കും ഞാൻ വരുന്നു എന്ന് അവൻ അരുളിച്ചെയ്യും. (58.8-9) പ്രതീക്ഷിച്ചതിലും അനേകം മടങ്ങ് വാരിത്തരുവാൻ തമ്പുരാൻ കാത്തിരിക്കുന്നു. കൊടുത്തതൊന്നും പകരാതെ നമ്മുടെ കൈയ്യിൽത്തന്നെ പിടിച്ചിരിക്കുന്നതുകൊണ്ട് പകർന്നേകുവാൻ പാത്രമില്ലാതെ ദൈവം വിഷമിക്കുകയാണ്. ദരിദ്രന്റെ വിളി ദൈവം കേൾക്കുന്നുണ്ട്, പകരാൻ കൊടുത്തവർ പിടിച്ചുവച്ചിരിക്കുന്നു.

ഈ നോമ്പിന്റെ കാലത്ത് നമുക്ക് നമ്മോടുചോദിക്കാം, ദൈവം എന്റെ സഹോദരന് കൊടുക്കാൻ എന്നെ ഏൽപിച്ചത് ഞാൻ പിടിച്ചുവച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അത് കണ്ടുപിടിച്ച് അവനുകൊടുക്കാം. അല്ലെങ്കിൽ ദൈവം അവന്റെ കണ്ണിൽനിന്ന് കണ്ണുനീർ തുടയ്ക്കുന്ന ഒരു കാലം വരും. ഞാൻ എനിക്കായി കരുതിയത് എന്നോടൊപ്പം വരില്ല. ഈ നിമിഷമൊ അടുത്തതിലൊ എല്ലാം എനിക്ക് നഷ്ടമാകും. ദൈവം എനിക്കായി കരുതിവച്ചിരിക്കുന്ന, എനിക്ക് ലഭിക്കുവാനിരിക്കുന്ന കൃപയും എന്നേയ്ക്കുമായി നഷ്ടമാകും. അതുകൊണ്ട് എന്റെ നോമ്പനുഷ്ഠാനം സ്വാർത്ഥലാഭത്തിന്നായിത്തീരാതെ എന്റെ സഹോദരന്റെ നൊമ്പരത്തെ തൊട്ടറിയുവാൻ സഹായിക്കുന്നതാകട്ടെ. ദൈവസ്നേഹം നിറഞ്ഞ കുടങ്ങളാണ് നമ്മെ ഓരോരുത്തരെയും ദൈവം ഏല്പിച്ചിരിക്കുന്നത്. അത് പകർന്നേകേണ്ടത് സഹോദരന്റെ നൊമ്പരങ്ങളിലേക്കാണ്. അതിനുള്ള അവസരമാണ് നോമ്പിന്റെ കാലങ്ങൾ.

നോമ്പ്, അതിന് വേറൊരു നിർവ്വചനം തേടിപ്പോകേണ്ട. അത് സ്നേഹമാണ് മറ്റൊന്നല്ല. സ്നേഹം. അതെ അതുതന്നെ. ഈ നോമ്പുകാലം സ്നേഹത്തിന്റെ കൈത്തിരികളായി മാറുവാൻ ദൈവം നമുക്ക് ഇടയാക്കട്ടെ. പ്രാർത്ഥനയോടെ.



# നോമ്പിലൂടെ ഒരു യാത്ര.

ഗീതു ഹന്ന ജോൺ.

കാലത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട് എവിടേക്കോ പരതിപ്പായുമ്പോൾ ഒരു യഥാർത്ഥ ക്രിസ്ത്യാനിയുടെ കടമ  നാം മറന്നു പോകാറുണ്ടോ എന്ന് ചിന്തിക്കേണ്ടതാണ്. വർഷത്തിലൊരിക്കലൊ മറ്റൊ നടത്തുന്ന ഒരു കുമ്പസാരവും വിശുദ്ധ കുർബ്ബനാനുഭവവും കൊണ്ട് നമ്മുടെ ജീവിതത്തെ ക്രമീകരിക്കുവാൻ നാം ശ്രമിച്ചേക്കാം. എന്നാൽ ക്രിസ്തീയ ജീവിതത്തിന്റെ മൂല്യം തിരിച്ചറിഞ്ഞ് ജീവിക്കുവാൻ നാം മറന്നുപോകുന്നു.  വിശുദ്ധ സഭയിലൂടെ നമ്മുടെ ജീവിതത്തെ നവീകരിക്കുവാനും ആത്മീയമായി ഉണരുവാനും  ഉദ്ബോധിപ്പിച്ചുകൊണ്ട് നോമ്പിലൂടെയും ഉപവാസത്തിലൂടെയും നമ്മുടെ ജീവിതത്തെ ചിട്ടപ്പെടുത്തുവാൻ ഉപദേശിക്കുന്നു. അങ്ങനെ നമ്മുടെ ജീവിതത്തെയും നാം വിശ്വസിക്കുന്ന നമ്മുടെ പരിശുദ്ധ സഭയുടെ കെട്ടുറപ്പിനെയും ആത്മീയമായി ദൃഢമാക്കുവാൻ സഹായിക്കുന്നു. നാം വെറും നാമമാത്ര ക്രിസ്ത്യാനികൾ ആയിത്തീരാതെ നമ്മുടെ ജീവിതം ദൈവരാജ്യത്തിന്റെ കെട്ടുപണിക്കും സഭയുടെയും സമൂഹത്തിന്റെയും ഉന്നമനത്തിനും ആയിത്തീരേണ്ടതാണ്. ഇന്നത്തെ ഉപഭോക്ത സാംസ്ക്കാരലോകത്തിൽ യഥാർത്ഥ നോമ്പിന്റെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് എങ്ങനെ മുമ്പോട്ടുപോകാം എന്ന് ഈ ലേഖനത്തിലൂടെ അല്പമായി ചിന്തിക്കാം.

**നോമ്പ് എന്താണ്?**

പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും ധ്യാനത്തിന്റെയും അനുതാപത്തിന്റെയും അനുഭവത്തിലൂടെ യേശുക്രിസ്തുവിന്റെ ജീവിതം, സ്നേഹം, സഹനം ഇവ നമ്മുടെ ജീവിതത്തിലൂടെ പ്രതിബിംമ്പിപ്പിക്കുക എന്നാണ് നോമ്പാനുഷ്ഠാനത്തിലൂടെ ഉദ്ദേശിക്കുന്നത്. കാനോനികമായി 5 നോമ്പുകളാണ് സഭ നിശ്ചയിച്ചിരിക്കുന്നത്. 3 നോമ്പ് (നിനുവാ നോമ്പ്), 13 നോമ്പ് (ശ്ളീഹാ നോമ്പ്) 15 നോമ്പ് (ശൂനോയോ നോമ്പ്) 25നോമ്പ്(യൽദോ നോമ്പ്) 50 നോമ്പ്( വലിയ നോമ്പ്). നോമ്പുകാലം ഒരുക്കത്തിന്റെയും, പുതുക്കത്തിന്റെയും പ്രതീക്ഷയുടെയും കാലമാണ്.  നോമ്പിലൂടെ ഈ ലോകത്തിലെ നശ്വരമായ സന്തോഷത്തെ ഉപേക്ഷിച്ച് അനശ്വരമായ ആത്മീയസന്തോഷത്തെ നേടുകയാണ് ചെയ്യുന്നത്. അനന്തമായ ദൈവസ്നേഹത്തിലൂടെ പൂർണ്ണത പ്രാപിക്കുകയാണ് നമ്മുടെ ജീവിത ഉദ്ദേശം. ഇത് തിരിച്ചറയുമ്പോളാണ് യഥാർത്ഥ സന്തോഷം പ്രാപിക്കുന്നത്.

നാം യഥാർത്ഥ ക്രിസ്ത്യാനികൾ ആകുന്നത്. നമ്മുടെ വാസനകൾ(സ്വാർത്ഥത, അഹങ്കാരം, ആഢംബരം) നമ്മെ ദൈവത്തിൽ നിന്നും അകറ്റുന്നതാണ്. ഇവയെ ത്യജിച്ച് നമുക്കു ലഭിച്ചിട്ടുള്ള ദൈവസ്നേഹത്തിന്റെ കൃപകളെ മറ്റുള്ളവരിലേക്ക്, അഗതികളും അശരണരും ആയവരിലേക്ക് പകർന്ന് നൽകുവാൻ നമുക്ക് കഴിയേണ്ടതാണ്.

വേദപുസ്തകപരമായ നിർവ്വചനം.

സഹനത്തിന്റെ പാതയിലൂടെ നാം എന്തിന് നോമ്പുനോക്കണം? വിശുദ്ധ വചനത്തിലൂടെ അതിന് ഉത്തരം ലഭിക്കുന്നു. പഴയനിയമകാലം മുതൽക്കേ നോമ്പനുഷ്ഠാനം ഉണ്ടായിരുന്നു. പുറ.34:28-ൽ മോശയെക്കുറിച്ച്, അവൻ അവിടെ ഭക്ഷണം കഴിക്കാതെയും വെള്ളം കുടിക്കാതെയും 40 രാവും 40 പകലും യഹോവയോടു കടെ ആയിരുന്നു എന്ന് കാണുന്നു.  എസ്ഥേറിന്റെ പുസ്തകത്തിലും യഹൂദന്മാർക്കെതിരായി എഴുതിയ വിധിതീർപ്പിനെ മായിക്കുവാൻ തക്കവണ്ണം എസ്ഥേർ രാജ്ഞിയും യഹൂദജനതയും നടത്തിയ ഉപവാസവും പ്രാർത്ഥനയും അവരുടെ നിലവിളിയും ദൈവസന്നിധിയിൽ കൈക്കൊള്ളപ്പെട്ടു എന്ന് കാണുന്നു. നിനുവയുടെ ഉപവാസവും നിലവിളിയും അവരുടെ മേൽ വരുവാനിരുന്ന ഭയങ്കര ശിക്ഷയിൽ നിന്നും അവരെ വിടുവിച്ചു എന്ന് കാണുന്നു. പുതിയ നിയമത്തിലേക്ക് വരുമ്പോൾ യേശുക്രിസ്തു 40 ദിവസം മരുഭൂമിയിൽ ഉപവാസം നടത്തി എന്ന് കാണുന്നു. അവിടുന്ന് പാപമില്ലാത്ത പരിശുദ്ധനായിട്ടും ഉപവാസവും പ്രാർത്ഥനയും ആവശ്യമായിരുന്നു എങ്കിൽ പാപികളായ നമുക്ക് എത്ര അധികമായി ആവശ്യമാണ്. അപ്പോ. 13;3-ൽ അങ്ങനെ അവർ, (ശിഷ്യന്മാർ) ഉപവസിച്ചു പ്രാർത്ഥിച്ച് അവരുടെ മേൽ കൈ വച്ച് അവരെ പറഞ്ഞയച്ചു എന്ന് കാണുന്നു, ആത്മീയമായി ശക്തി പ്രാപിച്ചുകൊണ്ട് പുതിയ വേലയിലേക്ക് പ്രവേശിക്കുവാൻ കർത്താവിന്റെ ശിഷ്യന്മാരും നോമ്പും ഉപവാസവും നടത്തിയിരുന്നു.  വി. മത്താ.6. 16-18ൽ  എങ്ങനെ ഉപവസിക്കണം എന്ന്

ക്രിസ്തു ഉപദേശിക്കുന്നതായും കാണുന്നു.
ദൈവശാസ്ത്രപരമായ നിർവ്വചനം.

സഭാപിതാക്കന്മാർ എല്ലാവരും തന്നെ നോമ്പിനെ ഉപവാസത്തിന്റെയും അനുതാപത്തിന്റെയും ദാനധർമ്മത്തിന്റെയും അവസരങ്ങളായി രേഖപ്പെടുത്തിയിരിക്കുന്നു. വിലക്കപ്പെട്ട ഭക്ഷണം ഉപേക്ഷിക്കുന്നതു മാത്രമല്ല നോമ്പ്.

St. Basil The Great "True fasting lies in rejecting evil, hatred and banishing our lust, evil words, laying and betryal of vows"

അപ്പോൾ നോമ്പ് എന്നത് നമ്മെ നാശത്തിലേക്ക് വീഴിക്കുന്ന ലോക ഇമ്പങ്ങളെ ത്യജിക്കുക എന്നതാണ്. യഥാർത്ഥമായ അനുതാപവും ഇടവിടാതെയുള്ള പ്രാർത്ഥനയും കൂടാതെ നോമ്പനുഷ്ഠാനം പൂർത്തിയാകുന്നില്ല.

St. John Chrysostom "Fasting is wonderful because it tramples our sin like a dirty weed while it cultivate and raises truth like a flower"

അനുതാപത്തിലൂടെ നമ്മെയും മറ്റുള്ളവരെയും നശിപ്പിക്കുന്ന പ്രവൃത്തികളെ ഇല്ലാതാക്കുവാൻ സാധിക്കുന്നു. അനുതാപമെന്നത് ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനമെങ്കിൽ അതിന്മേൽ പണിയപ്പെടുകയാണ് ഉപവാസവും പ്രാർത്ഥനയും. ഈ ലോകത്തിലെ അസ്വാതന്ത്ര്യത്തിൽ നിന്നും മുക്തി പ്രാപിച്ച് ദൈവരാജ്യത്തിലേക്ക് നമ്മെ ഉയർത്തുന്നതാണ് നോമ്പ്.

"No one can be saved without alms giving and without caring for the poor"( St. John. Chrysostom)

യേശുക്രിസ്തു പഠിപ്പിക്കുന്നത് ഉപവാസത്തോടും പ്രാർത്ഥനയോടും ഒപ്പം തന്നെ പ്രാധാന്യമുള്ളതാണ് ദാനധർമ്മവും എന്നാണ്. വി. മത്താ. 6.3:4-ൽ നീയോ ഭിക്ഷ കൊടുക്കുമ്പോൾ നിന്റെ ഭിക്ഷ രഹസ്യ ത്തിലായിരിക്കേണ്ടതിന് വലംകൈ ചെയ്യുന്നത് എന്ത് എന്ന് ഇടംകൈ അറിയരുത്. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്ക് പ്രതിഫലം തരും എന്നാണ്.
ഉപഭോക്തസംസ്കാര ലോകത്തിൽ എങ്ങനെ നോമ്പാചരിക്കാം.

ഈ ലോകത്തിന്റേതായ ആഗ്രഹങ്ങളും ചിന്തകളുംകൊണ്ട് തൃപ്തിയടയാമെന്ന് മനുഷ്യൻ വ്യാമോഹിക്കരുത്. വി. മത്താ. 6.26. ആകാശത്തിലെ പറവകളെ നോക്കുവിൻ. അവ വിതയ്ക്കുന്നില്ല കൊയ്യുന്നില്ല കളപ്പുരയിൽ കൂട്ടിവയ്ക്കുന്നില്ല. എങ്കിലും സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് അവയെ പുലർത്തുന്നു. സന്തോഷത്തോടെ, സന്മനസ്സോടെ ഉൺമേഷത്തോടെ ആവശ്യത്തിലിരിക്കുന്നവർക്ക് പകർന്നുകൊടുത്താൽ സ്വർഗ്ഗസ്ഥനായ പിതാവിൽ നിന്ന് അനുഗ്രഹങ്ങളെ പ്രാപിക്കുന്നതാണ്.
നോമ്പനുഷ്ഠാനത്തിലൂടെ ലഭിക്കുന്നത് ദൈവത്തിന്റെ ഈ കൃപാദാനമാണ്.

**പ്രാർത്ഥന.**

പ്രാർത്ഥനയിലൂടെ നമുക്ക് ദൈവീകശക്തിയും വിശുദ്ധിയും പ്രാപിക്കുവാൻ കഴിയും. പ്രാർത്ഥനയില്ലാതെ ആത്മീയ ജീവിതം സഫലമാകുന്നില്ല.

If you are not successful in your prayer you will not be successful( Theophan. The acts of prayer)

പ്രാർത്ഥനയിലൂടെ ദൈവവുമായുള്ള ബന്ധം ശക്തിപ്പെടുന്നു.

**ഉപവാസം.**

പാർപ്പിടവും വസ്ത്രവും ഭക്ഷണവുംകൊണ്ടു മാത്രം മനുഷ്യൻ തൃപ്തനല്ല. എന്നാൽ അതുപോലും ഇല്ലാത്തവരെ കാണുവാനും അറിയുവാനും മനസ്സിലാക്കുവാനും ഉള്ള അവസരമായി നമ്മുടെ ഉപവാസത്തെയും നോമ്പിനെയും കാണേണ്ടതാണ്.

St. Basil The Great " Fasting repels temptation. It is the comrade of watchfulness and the artificer of chasticity. In war it fights bravely, in peace it teaches stillness"

**കുമ്പസാരം.**

യഥാർത്ഥ കുമ്പസാരത്തിലൂടെ നമ്മുടെ പാപങ്ങളിൽ നിന്നുള്ള മന:പൂർവ്വമായ അകൽചയും ദൈവത്തോടുള്ള ആത്മാർത്ഥമായ ബന്ധവും സുദൃഢമാകുന്നു. ഉപഭോക്ത സംസ്കാരത്തിന്റെ കുത്തൊഴുക്കിൽപെട്ട് ദൈവവുമായി അകന്നു ജീവിക്കുന്ന മനുഷ്യന്റെ തിരിച്ചു വരവിനും ദൈവവുമായുള്ള ബന്ധത്തിനും അവസരമുണ്ടാക്കുന്നതാണ് നോമ്പുകാലങ്ങൾ.

**ധ്യാനം.**

ധ്യാനമെന്നത് പ്രാർത്ഥനയിൽ നിന്നും അല്പം വ്യത്യാസമാണ്. ഇത് ദൈവത്തോട് ആത്മാവിൽ അലിഞ്ഞു ചേരുകയാണ്, സായൂജ്യമടയുകയാണ്. കർത്താവിനോട് പറ്റിച്ചേരുന്നവനൊ അവനുമായി ഏകാത്മാവാകുന്നു. 1 കോരി.6;17. ദൈവവചനം നമ്മെ ദൈവത്തോട് ഒത്തുചേരുവാൻ സഹായിക്കുന്നു.

**ദാനധർമ്മം.**

യേശുക്രിസ്തു അരുളിച്ചെയ്യുന്നു, എന്റെ ഈ ചെറിയ സഹോദരന്മാരിൽ ഒരുത്തന് ചെയ്തേടത്തോളം എല്ലാം എനിക്ക് ചെയ്തു എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു. വി. മത്താ.25.40. നാം കൊടുക്കുന്നതെന്തും വലുതായാലും ചെറുതായാലും അത് ദൈവത്തിന് കൊടുക്കുന്നു എന്നാണ് വചനം പറയുന്നത്. അതുകൊണ്ട് പ്രതിഫലം ഇല്ലാതെയല്ല നാം ചെയ്യുന്നത്. ദൈവത്തിന് കൊടുക്കുന്നത് സ്വർഗ്ഗത്തിൽ കൂട്ടിവയ്ക്കുന്ന നിക്ഷേപമാണ്.

അതുകൊണ്ട് നമ്മുടെ നോമ്പനുഷ്ഠാനത്തിലൂടെ ദൈവസ്നേഹത്തിന്റെയും മനുഷ്യ സ്നേഹത്തിന്റെയും പ്രകാശം പരത്തുവാൻ നമുക്ക് ഇടയാകണം. നാം അനുഷ്ഠിക്കുന്ന ഉപവാസവും പ്രാർത്ഥനയും ദാനധർമ്മങ്ങളും എല്ലാം തന്നെ നമുക്കും നാം ഉൾപ്പെട്ടിരിക്കുന്ന സഭയ്ക്കും സമൂഹത്തിനും അനുഗ്രഹത്തിന് കാരണമായിത്തീരുവാൻ ഇടയാകട്ടെ. അതിനായി നമ്മെത്തന്നെ ഒരുക്കാം ദൈവസന്നിധിയിൽ സമർപ്പിക്കാം.

## ആദരാഞ്ജലി...



**കോർബ:** കോർബ മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ദേവാലയത്തിലെ അംഗമായിരുന്ന വി. എം. ജോയി (71) കർത്താവിൽ നിദ്ര പ്രാപിച്ചു. അഭി. യാക്കോബ് മാർ ഏലിയാസ് തിരുമേനിയുടെ സഹോദരൻ ആണ് പരേതൻ. കോർബ ദേവാലയത്തിലെ സ്ഥാപക അംഗമായിരുന്നു. സൺഡേസ്കൂൾ മറ്റ് ആത്മീയപ്രസ്ഥാനങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തിയാണ്. സംസ്കാരം ബുധനൂർ സെന്റ്. ഏലിയാസ് ഓർത്തഡോക്സ് പള്ളിയിൽ നടത്തി. സംസ്കാര ശുശ്രൂഷകൾക്ക് അഭി. ഡോ. ജോസഫ് മാർ ദിവന്നാസ്യോസ് തിരുമേനി കാർമികത്വം വഹിച്ചു. പരേതന്റെ വേർപാടിൽ കൽക്കട്ട ഭദ്രാസനത്തിന്റെ ആദരാഞ്ജലി.

# THE SACRAMENT OF HOLY CONFESSION



**Febin Mathew Philip**

**INTRODUCTION**:

The gift of God's forgiveness is received through private prayer, corporate worship, and the disciplines of prayer and fasting, penitential services and above all through the sacrament of Holy Confession. The value of Holy Confession is twofold. First, through this sacramental act of ordained priest and the Christian believer we have the assurance of divine forgiveness. Secondly, holy confession provides an opportunity to talk about one's deep concerns, to receive counsel and to be encouraged toward spiritual growth, all of which are universally recognized as extremely beneficial to personal life.

What do you mean by Confession and How to get prepared for it?

The oxford dictionary gives the meaning of confession as 'a private statement to a priest about the bad things that you have done', while in Orthodox traditions confession is defined as 'one who is really feeling guilty about the sins he have done and seeking for forgiveness from thy divine God where priest becomes the mediator. According to Orthodox traditions one cannot simply go for a confession, one has to get prepared mentally and read the Psalms from the Bible. Confession is not just opening up your sins to your priest; it's a way that we want our God to forgive our sins where the priest is just a mediator.

It is also a part of our total spiritual preparation during the fast periods leading up to the great feasts of Easter, Christmas, and the Feast of Twelve Apostles. However, Holy Confession is especially necessary: [1] When a serious sin been committed; [2] when a habitual sin has been overwhelmed a Christian, [3] When a Christian has stopped growing spiritually and needs is reexamination of priorities.

Preparation for Holy confession is a prayerful examination of feelings , thoughts, words, acts, attitudes, habits, values, priorities, goals direction and the way of life, but also family relationships, social activities, job conduct, business dealing, political commitments and even recreational pursuits, because our entire existence should live under the light of holy spirit is not to condemn ourselves but to our true selves in Christ who has given us access to God's mercy and forgiveness and who has taught us to live for God's glory. Pray and think and your confession over several days .ask God to help you perceive your sins and to make a through confession of them. Sometime before the sacrament of Holy Confession, offer selected prayers from the following confessional prayers, Psalm 51

Why do Priests have a role in confession?

One filled with the regret that he have sinned where he is irritated mentally and physically where confession plays a big role in his life brings peace to his life, that's the time he needs to confess. Well that's the way god wants us to do. In Matthew, chapter 9, verse 6, Jesus tells us that He was given authority on earth to forgive sins. In John 20, verses 21-23, what is the first thing Jesus says to the gathered disciples on the night of His resurrection? "Jesus said to them, 'Peace be with you. As the Father has sent me, even so I send you.'" How did the Father send Jesus? Well, we just saw in Matthew 9 that the Father sent Jesus with the authority on earth to forgive sins. Now, Jesus sends out His disciples as the Father has sent Him…so, what authority must Jesus be sending His disciples out with?



The authority on earth to forgive sins. And, just in case they didn't get it, verses 22-23 say this, "And when He had said this, He breathed on them, and said to them, 'Receive the Holy Spirit. If you forgive the sins of any, they are forgiven; if you retain the sins of any, they are retained.'"
The Bible tells us to confess our sins to one another. It also tells us that God gave men the authority on Earth to forgive sins. Jesus sends out His disciples with the authority on earth to forgive sins. When Orthodox person confesses our sins to a priest, we are simply following the plan laid down by Jesus Christ. He forgives sins through the priest…it is God's power, but He exercises that power through the ministry of the priest. None should fear to confess before a priest because if he watches you in the sins you did then it will affect to him and his generations. So none of the priests would dare to it, so we can confidently trust the orthodox church priest and bishops for confession .

**CONCLUSION:**

Thus, in the Sacrament of Confession God gave us a powerful tool to battle sin. In preparing for our confession of sins, we learn to watch over our inner life more carefully, to realize our weak points and the cunning methods of our tempter, the devil. Sincere confession before a priest helps us combat our pride and thus to become free from the bonds of passion with which the devil wants to ensnare us.
After a deep repentance and the Divine cleansing that follows it, a Christian feels as if a heavy stone was removed from his heart. He finds himself renewed and enlightened, willing to love God and other people. This feeling should be the most obvious proof of the great spiritual power of the Sacrament of Confession. For this reason let us cherish this Divine tool of spiritual healing and ask God to give us wisdom and willingness to lead the remaining days of our life in righteousness, so that all our thoughts, words and deeds will be directed toward His glory and our salvation.

# കുഞ്ഞൂഞ്ഞിന്റെ കുണ്ഠിതങ്ങൾ

ഭാഗം..... 21

ബാബു, ജാംഷഡ്പൂർ



'ഡാ, ചാക്കോയെ, ക്രിസ്തുമസ്സ് പുതുവർഷത്തെ വരവേൽക്കുവാൻ നമ്മൾ ഒരുങ്ങുകയാണല്ലോ. 2019 വർഷം എങ്ങനെ ആകണമെന്നാണ് നിന്റെ ആഗ്രഹം' കുഞ്ഞുമോൻ കവലയിലെ പള്ളി നടയിൽ ഇരുന്നു കൊണ്ട് കൂട്ടുകാരനോട് ചോദിച്ചു.

ഇവിടെ യുവാക്കളുടെ സായാഹ്ന സംഗമങ്ങൾ പതിവാണ്. കവലയിൽ വണ്ടിയിറങ്ങുന്നവർ കുരിശിൻ തൊട്ടിയിൽ മെഴുതിരി കത്തിക്കുകയും തങ്ങളുടെ മനോവ്യഥകൾ മാതാവിനോട് പറഞ്ഞ് ആശ്വാസത്തിനായി പ്രാർത്ഥിക്കുകയും പതിവാണ്. യാത്രാക്ഷീണം അകറ്റുവാനും, പ്രീയപ്പെട്ട കൂട്ടുകാരുമായി സംവദിക്കാനുമുള്ള വേദി കുരിശിൻ തൊട്ടിയുടെ വിശാലമായ പടവുകളാണ്. ചാക്കോ കടുത്ത ചിന്തയിൽ ആയിരുന്നതിനാൽ ജോയിയാണ് ഉത്തരം പറഞ്ഞത്. 'ശരിയാണല്ലോ, ടാ ബ്രോ, കഴിഞ്ഞ ഒരു വർഷം പ്രശ്നങ്ങളുടെ വർഷമായിരുന്നു. അവസാനം പ്രളയം അതിനടിവരയും ഇട്ടു. പുതിയ വർഷം നമുക്കൊരടിപൊളി വർഷമാക്കണം'.

അതിനെ ഇങ്ങനെ 'ചത്തേ ചതഞ്ഞേ' എന്നും പറഞ്ഞിരുന്നാൽ പോരാ. കുറച്ചുകൂടി ബോൾഡ് ആകണം. കുറച്ച് പൗരുഷമൊക്കെ കാണിക്കണം. 'ഉരുളയ്ക്ക് ഉപ്പേരി' കണക്ക് പ്രശ്നക്കാർക്ക് മറുപടി കൊടുക്കണം. വെറുതെ 'വിശുദ്ധൻ' ചമഞ്ഞ് കൈയും കെട്ടി നിന്നാൽ നമുക്ക് സമൂഹത്തിൽ ഒരു നിലയും വിലയും ഉണ്ടാകില്ല. ചാക്കോ തന്റെ ചിന്തയിൽ നിന്ന് ഉണർന്ന് എഴുന്നേറ്റപ്പോൾ ഉള്ള കണ്ടുപിടിത്തങ്ങളാണിവ. ശരിയാ, തീരെ അങ്ങു

പാവത്താൻ കളിച്ചാൽ ആരും മൈൻഡ് ചെയ്യുകയില്ല. ഒടക്കുന്നവൻ വിടുന്നില്ലെങ്കിൽ രണ്ടു പൊട്ടിക്കുന്നതും നല്ലതാ. ചാക്കോയിക്ക് അച്ചൻകുഞ്ഞിന്റെ പിന്താങ്ങൽ.

എന്നാടേ ബ്ലഡ് പ്ലഷർ കൂടിയോ? ഒന്നു പോയി ചെക്കപ്പ് ചെയ്യ്. പുതിയ വർഷം ഒത്തിരി വ്യത്യാസങ്ങളോടെയാണ് വരാൻ പോകുന്നത്. ആചാരാനുഷ്ഠാനങ്ങളെ മുറുകെ പിടിക്കുന്ന ഒരു സമൂഹമായി പൊതുജനം മാറിക്കഴിഞ്ഞില്ലേ? ഹർത്താലും ബന്ദുമൊക്കെ മനുഷ്യന്റെ സഹനശക്തിയുടെ മുകളിൽ കയറിപ്പറ്റിയിരിക്കുന്നു. അതുകൊണ്ടു തന്നെ സമൂഹം ഇവയെ ഒക്കെ വെറുക്കാനും, എതിർക്കാനും തുടങ്ങിയിരിക്കുന്നു. അതുകൊണ്ട് മടികളഞ്ഞ് എല്ലാവരും വർഷം മുഴുവൻ കോളേജിലും, ഓഫീസ്സിലും പോകുവാൻ തയ്യാറായിക്കോ. വർത്തമാനങ്ങൾ കേട്ടുകൊണ്ട് വന്ന ജോസ് കൂട്ടുകാർക്ക് താക്കീത് കൊടുത്തു. ദേ കുഞ്ഞേ, അതാ അതിന്റെ ശരി. എല്ലാവരും തിരിഞ്ഞു നോക്കിയപ്പോൾ ഒരു സഞ്ചി പലചരക്ക് സാധനങ്ങളുമായി നിൽക്കുന്ന കപ്പ്യാർ കുഞ്ഞൂഞ്ഞിനെയാണ് കണ്ടത്.

കുഞ്ഞൂഞ്ഞ് ചേട്ടാ, എന്തുശരി എന്നാണ് ചേട്ടൻ പറയുന്നത്. എല്ലാത്തിനും നമ്മൾ താണു കൊടുത്താൽ പബ്ലിക് നമ്മുടെ തലയിൽ കയറി നിരങ്ങുന്ന കാലമാണിത്. ചാക്കോച്ചന്റെ നീരസം പൂണ്ട പ്രതികരണം.

കുഞ്ഞൂഞ്ഞ് ചിരിച്ചുകൊണ്ട് നിന്നതേയുള്ളു. കുഞ്ഞൂഞ്ഞ് ചേട്ടാ, പുതുവർഷത്തിൽ നമ്മുടെ ചിന്തകളും പ്രവർത്തികളും തീരുമാനങ്ങളും എന്തൊക്കെയായിരിക്കണം എന്നുള്ള കാര്യങ്ങളാണ് ഞങ്ങൾ ചർച്ച ചെയ്തുകൊണ്ടിരുന്നത്. എല്ലാം അങ്ങ് വിട്ട്കൊടുത്ത് നല്ലവരായാൽ ജീവിക്കാൻ പറ്റുമോ ഈ കാലത്ത്? ചാക്കോയ്ക്ക് പിൻതുണ എന്നമട്ടിലുള്ള ജോയിയുടെ ഡിപ്ലോമാറ്റിക് പ്രതികരണം.

കുഞ്ഞൂഞ്ഞ് ചേട്ടാ, പുതുവർഷത്തിൽ പോയ വർഷത്തേക്കാൾ സമാധാനവും സന്തോഷവും നിറഞ്ഞതാകുവാൻ നമുക്ക് എന്തെല്ലാം തീരുമാനങ്ങൾ ആണ് എടുക്കേണ്ടത്? ജോസിന്റെ ഈ പക്വത നിറഞ്ഞ ചോദ്യം കേട്ടിട്ട് കുഞ്ഞൂഞ്ഞിന് കുട്ടികൾക്ക് ഒരു ശരിയായ ദിശാബോധം കൊടുക്കാതെ  വിട്ടുപോകുവാൻ കഴിയുന്നില്ല. കാരണം അവർ തന്നിൽ അത്രയും പ്രതീക്ഷയാണ് വച്ചിരിക്കുന്നത്. പക്ഷേ തന്റെ സഞ്ചിയിലെ സാധനങ്ങളുടെ ഭാരം അവരെ തന്റെ വീട്ടിലേക്ക് കൂട്ടികൊണ്ട് പോയി സംസാരിക്കാൻ നിർബ്ബന്ധിച്ചു.

കുഞ്ഞൂഞ്ഞിന്റെ സ്വീകരണമുറിയിൽ എല്ലാവർക്കും കട്ടൻകാപ്പി വിളമ്പുന്നതിനിടയിൽ മറിയാമ്മ അന്വേഷിച്ചു. എന്നാ പുതിയ വർഷപ്പുലരി അടിച്ചുപൊളിക്കുവാൻ വല്ല പ്ലാനും ഇട്ടോണ്ടാണോടാ പിള്ളാരേ നിങ്ങളുടെ വരവ്?

ജോസ് പറഞ്ഞു: ഏടത്തി, കുഞ്ഞൂഞ്ഞ് ചേട്ടൻ ഞങ്ങളുടെ 'ഫയർ ബ്രിഗേഡ്' ആണ്. പല പ്രശ്നങ്ങളും വന്ന് ഞങ്ങളുടെ വഴി മുടക്കുമ്പോൾ തീ അണയ്ക്കുന്ന അഗ്നി ശമന സേനാധിപൻ.

കുഞ്ഞൂഞ്ഞ് ഈ സംസാരം ഒന്നും ശ്രദ്ധിക്കുന്നുണ്ടായിരുന്നില്ല. പുതുവർഷത്തിൽ ഈ കുട്ടികളെ എങ്ങനെ ദൈവീക ചിന്തയിൽ മുന്നോട്ട് അവരിഷ്ടപ്പെടുന്ന രീതിയിൽ പറഞ്ഞ് നയിക്കാം എന്നുള്ള വലിയ പ്രശ്നത്തിന് പരിഹാരം കിട്ടുവാൻ, ദൈവത്തിൽ ശരണപ്പെട്ട് മനസ്സിൽ പ്രാർത്ഥനയിലാരുന്നു കുഞ്ഞൂഞ്ഞ്.

ചേട്ടാ, ചേട്ടന്റെ കാപ്പി തണുക്കുന്നു. ഞങ്ങൾ ചേട്ടനെ വിഷമത്തിലാക്കിയോ? ജോസിന്റെ സ്നേഹമസൃണമായ ഈ ചോദ്യം കുഞ്ഞൂഞ്ഞിനെ തന്റെ ചിന്താഭ്രമണത്തിൽ നിന്ന് അവരുടെ നടുവിലേക്ക് തിരികെ കൊണ്ടുവന്നു.

ഹോയ് ...... ഒന്നുമില്ല. കാപ്പി കുടിച്ച് കപ്പ് താഴെ റ്റീപ്പോയിൽ വച്ചിട്ട് തന്റെ മുൻപിൽ തൂങ്ങിക്കിടക്കുന്ന പരുമല തിരുമേനിയുടെ ഫോട്ടോയിൽ നോക്കി കുരിശുവരച്ചിട്ട് കുഞ്ഞൂഞ്ഞ് തുടർന്ന്. നമ്മൾ ഓടിക്കുന്ന കാർ ഗട്ടറിൽ ചാടിച്ച് ചെളിവെള്ളം മറ്റുള്ളവരുടെ മേൽ വീഴിച്ച് രസിച്ചും, ഗട്ടറിൽ വീഴാതെ സുരക്ഷിതമായി മാറ്റി ഓടിക്കുവാനുമായിട്ടാണല്ലോ കാറിൽ സ്റ്റീയറിംഗ് വീൽ നൽകിയിരിക്കുന്നത്.

അതേ, അതേ.... എല്ലാവരും ഒറ്റ സ്വരത്തിൽ സമ്മതിച്ചു.
നമ്മുടെ ജീവിതത്തിൽ നിന്ന് വെറുപ്പും, വിദ്വേഷവും, പ്രതികാരവും മാറ്റി, ശാന്തിയും സമാധാനവും സ്നേഹവും നിറയ്ക്കുവാൻ ദൈവാശ്രയം എന്ന സ്റ്റീയറിംഗ് വീൽ ഗതിനിയന്ത്രണ സൂത്രം മൂലം സാധ്യമാണ് എന്നുള്ള തിരിച്ചറിവാണ് പുതുവത്സരത്തിനെ ധന്യമാക്കുവാൻ നമുക്കാവശ്യമായിട്ടുള്ളത്.

"ഉഗ്രൻ" എന്നമും പ്രകടിപ്പിക്കുന്ന ശരീരഭാഷയോടെ യുവാക്കൾ അന്യോന്യം നോക്കി പുഞ്ചിരിച്ചപ്പോൾ, അവരുടെ മനസ്സിൽകൂടെ കടന്നുപോയ ചിന്ത വയസ്സന്റെ സ്റ്റാർട്ടപ്പ് മുഖവുര കിടിലൻ തന്നെ എന്നായിരുന്നു.

മുൻപിലിരുന്ന കപ്പിലെ കട്ടൻ ഒരു സിപ്പ് കൂടി കുടിച്ചിറക്കി, കണ്ഠശുദ്ധി വരുത്തി കുഞ്ഞൂഞ്ഞ് തുടർന്നു. ക്രിസ്ത്യാനികളായ നമുക്ക് ജീവിതത്തിലെ സങ്കീർണ്ണഘട്ടങ്ങളെ തരണം ചെയ്യുവാൻ മാർഗ്ഗങ്ങൾ വിശുദ്ധ വേദപുസ്തകത്തിൽതന്നെയുണ്ട്. പരിശുദ്ധാത്മാവ് കാണിക്കുന്ന മാർഗ്ഗങ്ങൾ നാം സ്വീകരിക്കുവാൻ തയ്യാറാണോ എന്നുള്ളതാണ് പ്രശ്നം.

വഴക്കും പിണക്കവും കേസും പുറത്താക്കലും ആകുന്ന ഗട്ടറുകളിലൂടെ നമ്മുടെ ജീവിതത്തെ ഓടിക്കണമോ, അതോ, സ്നേഹവും സമാധാനവും പങ്കുവയ്ക്കലിലൂടെയുള്ള സന്തോഷവും  നിറഞ്ഞ മാർഗ്ഗത്തിലൂടെ നമ്മുടെ ജീവിതത്തെ നയിക്കണമോ എന്ന് തീരുമാനിക്കേണ്ടത് നാം തന്നെയല്ലേ.

ശ്ലീഹന്മാരിൽ തലവനായ പത്രോസ് ശ്ലീഹാ തന്റെ ഒന്നാം ലേഖനം, മൂന്നാം അദ്ധ്യായം, ഒൻപതാം വാക്യത്തിൽ ഇങ്ങനെ പറയുന്നു. ദോഷത്തിനു ദോഷവും ശകാരത്തിനു ശകാരവും പകരം ചെയ്യാതെ, നിങ്ങൾ അനുഗ്രഹം അനുഭവിക്കുവാൻ വിളിക്കപ്പെട്ടിരിക്കകൊണ്ട് അനുഗ്രഹിക്കുന്നവരായിരിപ്പിൻ

അപ്പോ അനുഗ്രഹം അനുഭവിപ്പാൻ വിളിക്കപ്പെട്ടവരാണ് നാം എന്നുള്ള തിരിച്ചറിവാണ് ഈ വരുന്ന പുതുവത്സരത്തിൽ ആദ്യമായി നമുക്കുണ്ടാകേണ്ടത്. രണ്ടാമതായി അനുഗ്രഹിക്കുന്ന വരായിരിക്കണം നാം എന്നും ശ്ലീഹായിലൂടെ പരിശുദ്ധാത്മാവ് നമ്മെ ഉത്ബോധിപ്പിക്കുകയാണ്.

വരുന്ന പുതുവർഷത്തിൽ നമ്മോട് മോശമായി പെരുമാറുന്നവർക്ക്വേണ്ടി നാം പ്രാർത്ഥിക്കണം. അവരെ നാം അനുഗ്രഹിക്കുന്നവരായിരിക്കണം. ചാക്കോ അടുത്തിരുന്ന ജോയിയുടെ കാതിൽ മന്ത്രിച്ചു; ഇന്നത്തെ കാലത്ത് ഇതുവല്ലതും വിലപ്പോകുമോ?

ചാക്കോയുടെ ചിന്തകൾ ഊഹിച്ചെടുത്ത കുഞ്ഞൂഞ്ഞ് കൈയിലിരുന്ന വേദപുസ്തകം ചാക്കോയുടെ നേരേ നീട്ടിയിട്ട് 1 പത്രോസ് 3 ന്റെ 12 ാം വാക്യം വായിക്കുവാൻ പറഞ്ഞു.

ചാക്കോ, മനസ്സില്ലാ മനസ്സോടെ വായിച്ചു, കർത്താവിന്റെ കണ്ണ് തന്റെ നീതിമാൻമാരുടെ മേലും, അവന്റെ ചെവി അവരുടെ പ്രാർത്ഥനയ്ക്കും തുറന്നിരിക്കുന്നു. എന്നാൽ കർത്താവിന്റെ മുഖം ദുഷ്പ്രവർത്തിക്കാർക്ക് പ്രതികൂലമായിരിക്കുന്നു.

കുഞ്ഞൂഞ്ഞു ചോദിച്ചു; ഈ വചനത്തിന്റെ അടിസ്ഥാനത്തിൽ കർത്താവിന്റെ ഈ വാഗ്ദത്തത്തിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ പുതുവത്സരത്തിൽ നീതിപ്രവർത്തിക്കുന്നവരാകുവാൻ ആഗ്രഹിക്കുന്നുവോ, അതോ ദുഷ്പ്രവർത്തിക്കാരാകുവാൻ ആഗ്രഹിക്കുന്നുവോ? തളം കെട്ടി നിന്ന നിശബ്ദതയെ ഭഞ്ജിച്ചുകൊണ്ട് ജോസ് തുടർന്നു, നമ്മുടെ കർത്താവിന്റെ വചനങ്ങളെ നാം ഉൾകൊള്ളണം. അവ നമുക്ക് ശരിയായ മാർഗ്ഗദർനം നടത്തുക തന്നെ ചെയ്യും.

കുഞ്ഞൂഞ്ഞ് പറഞ്ഞു, ഈ അദ്ധ്യായം താഴേയ്ക്കു വായിച്ചാൽ ഈ പുതുവത്സരത്തിൽ എങ്ങനെ നാം വർത്തിക്കണം എന്ന് ഒരു തീരുമാനം എടുക്കുവാൻ നമുക്ക് പ്രയാസം ഉണ്ടാകുകയില്ല.  വീണ്ടും നവവത്സര സന്ദേശം കുഞ്ഞൂഞ്ഞ് യുവാക്കൾക്ക് വേണ്ടി ചുരുക്കി പറഞ്ഞു: ഇതുവരെയുള്ള നമ്മുടെ ജീവിതത്തിൽ  നിന്ന് വ്യത്യസ്തമായി ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് ദോഷത്തിന് പകരം നന്മയും, ശകാരത്തിനു പകരം സാന്ത്വന വുമായിരിക്കണം ഞാനും നിങ്ങളും അനുകരിക്കേണ്ട നവവത്സര സന്ദേശം.

ഇത്രയും സങ്കീർണ്ണമായ ഈ വിഷയം ഇത്രയും ലളിതമായി മനസ്സിലാക്കി തന്നതിന് യുവാക്കൾ എല്ലാവരും കുഞ്ഞൂഞ്ഞിന് നന്ദി പറഞ്ഞു.

കുഞ്ഞൂഞ്ഞ് പറഞ്ഞു; "ദൈവത്തിന് സ്തുതി". ■



## പരിശുദ്ധ 'വട്ടശ്ശേരി തിരുമേനി'

# മലങ്കര സഭാഭാസുരൻ

Dn. Shanu V.A.

മനുഷ്യജീവിതത്തെ വിലയിരുത്തുന്ന ഒരു വാക്യമുണ്ട്, അതിങ്ങനെയാണ്, "എത്രകാലം ജീവിച്ചു എന്നതല്ല, എങ്ങനെ ജീവിച്ചു എന്നതാണ്". "പാരതന്ത്ര്യം മാനികൾക്ക് മൃതിയെക്കാൾ ഭയാനകം". എന്ന് പാടി പഠിപ്പിച്ചു തുടങ്ങുന്ന കാലത്ത് തന്നെയാണ് ആത്മീയതയുടെ അധികാരത്തിന്റെയും അഹന്തയുടെയും ചങ്ങലകൾ പൊട്ടിച്ചെറിഞ്ഞ് ക്രിസ്തു സ്വാതന്ത്ര്യത്തിലേക്ക് നടത്തുന്ന ഒരു മഹായിടയൻ കടന്നു വരുന്നത്. മലങ്കര സഭാ ചരിത്രത്തിൽ 20-ാം നൂറ്റാണ്ടിന്റെ പ്രഭാതയാമത്തിൽ ഒരു ധ്രുവ താരകം കണക്കെ തെളിഞ്ഞുയർന്ന ആ ബഹുമുഖ പ്രതിഭയുടെ പേരായിരുന്നു വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ്.

ശബ്ദിക്കാൻ മറന്നു പോകാമായിരുന്ന ഒരു തലമുറയുടെ ശബ്ദമാകുവാൻ കുറ്റകരമായ നിശബ്ദതകൾ ഒഴിവാക്കുവാൻ ആഹ്വാനം ചെയ്ത് ഭാരതീയരുടെ സ്വത്വമുള്ള സഭയായി, സ്വയം ശീർഷകത്വവും സ്വയം ഭരണവുമുള്ള സഭയ്ക്കുവേണ്ടി ഒരു പുരുഷായുസ്സ് മുഴുവൻ ആത്മീയധികാരത്തിന്റെ അംശവടി ആയുധമാക്കി സ്വീകരിച്ചുകൊണ്ട് പരിശുദ്ധ പിതാവ് അടരാടി.

മലങ്കരസഭയുടെ ആത്മീയവും ലൗകീകവും ആയ അധികാരാവകാശങ്ങൾ വൈദേശികതയുടെ സ്വരമുയരുന്ന അന്ത്യോക്യൻ പിതാക്കന്മാരിൽ നിന്ന് തലമുറകളിലേക്ക് കൈമാറി തന്നെ ഭരമേൽപിച്ച ആത്മീയ പൈതൃകം മറ്റൊരു സ്ഥാനത്തേയ്ക്കു കൈമാറാൻ ധിഷണിശാലിയായ പരിശുദ്ധപിതാവിന് സമ്മതമുണ്ടായിരുന്നില്ല. സ്വത്വബോധത്തിന് കാവൽ നിൽക്കുന്ന ശബ്ദമായി പ. പിതാവ് മാറുന്നിടത്താണ് മലങ്കര സഭ അതിന്റെ വ്യക്തിത്വത്തിലേക്ക് കാഴ്ചകളയയ്ക്കുന്നതും സ്വാതന്ത്ര്യത്തിന്റെ കാഴ്ചപ്പാടുകളും ദർശനങ്ങളുണ്ടാകുന്നതും ഒരു രാജ്യത്തെപ്പോലും പ്രചോദിപ്പിക്കുന്ന രീതിയിൽ സ്വതന്ത്ര്യത്തിന്റെ രുചി നുകരുവാനിടയാകുന്നതും ഭാരത മണ്ണിൽ ക്രിസ്തു സഭയെ സ്ഥാപിക്കുകയും തർക്കം കൂടാത്തവണ്ണം അതിന്റെ സിംഹാസനത്തെ ഉറപ്പിക്കുകയും ചെയ്ത മാർത്തോമാ നാമാധികരികളായ മഹാപിതാക്കന്മാരുടേയും ആത്മീയ പൗരുഷത്തിന്റെ അനശ്വര ചൈതന്യം പരകായ പ്രവേശനം നടത്തിയത് ഈ പരിശുദ്ധ പിതാവിലായിരുന്നു. അതുകൊണ്ട് തന്നെയാണ് മലങ്കര സഭ ചരിത്രത്തിൽ നിത്യഭാസുരനായി പ. വട്ടാശ്ശേരിൽ ദിവന്നാസ്യോസ് എന്ന നാമം നിലകൊള്ളുന്നത്.

ഭരണകാര്യ വിദഗ്ധനും കർമ്മധീരനും ക്രാന്തദർശിയുമായ ഗീവർഗീസ് റമ്പാനിൽ മലങ്കര സഭയുടെ ഭാവി വിധാതാവിനെ സഭാനേതാക്കൾ ദർശിച്ചു. 1908 ൽ യെറുശലേമിൽ വച്ച് ഗീവർഗ്ഗീസ് മാർ ദിവന്നാസ്യോസ് എന്ന പേരിൽ അദ്ദേഹത്തെ മെത്രാപ്പോലീത്തയായി വാഴിച്ചു. ചിന്തയിലും പഠനത്തിലും ഗ്രന്ഥരചനയിലും വ്യാപൃതനായിരുന്ന അദ്ദേഹ രചിച്ച " മതോപദേശസാരങ്ങൾ" എന്ന വിഖ്യാത ഗ്രന്ഥം അക്ഷര ലോകത്തിനുള്ള അദ്ദേഹത്തിന്റെ വലിയ സംഭാവനയാണ്.

അസ്വസ്ഥതകളും അഭിപ്രായ സംഘട്ടനങ്ങളും നിറഞ്ഞു നിന്നിരുന്ന അത്യന്തം ദുർഘട പൂർണ്ണമായ കാലഘട്ടം അന്തോക്യൻ മേൽക്കോയ്മയുടെ നീരാളിപ്പിടുത്തത്തിൽ ശ്വാസം മുട്ടുന്ന ഒരു സഭയെ സൃഷ്ടിച്ചപ്പോൾ, ആ സഭയുടെ സംസ്ക്കാരവും, തനിമയും, ചരിത്രവും പരിശുദ്ധപിതാവിനോട് സംസാരിച്ചത് "Do or Perish" എന്നാണ്. "പ്രവർത്തിക്കുക അല്ലെങ്കിൽ നശിക്കുക".

ക്രിസ്തുവിനെതൊട്ട മാർത്തോമ്മയുടെ വിശ്വാസ സാക്ഷ്യത്തിന്റ പിൻതലമുറക്കാരനും പിന്നീട് പറയാൻ ഉണ്ടായിരുന്നത് അതിജീവനത്തിന്റെ സന്ദേശവും, സാക്ഷ്യവുമായിരുന്നു. പ്രതിരോധത്തിന്റെയും, പ്രതികരണത്തിന്റെയും ഏറെക്കുറെ അപ്രാപ്യമെന്ന് തോന്നിക്കുന്ന വഴികൾ സഭയ്ക്കുവേണ്ടി ചവിട്ടിക്കയറുന്നിടത്താണ് മലങ്കരസഭാ ഭാസുരൻ എന്ന നാമം അദ്ദേഹത്തിന് ഏറെ അന്വർത്ഥമാകുന്നത്. തെദ്രീസിന്റെ തീരഭൂമിയിൽ നാമാവശേഷമായിരിക്കുന്ന ക്രൈസ്തവ സംസ്ക്കാരത്തിന്റെ ശക്തിയും, സൗന്ദര്യവും ആയിരുന്ന കാതോലിക്ക സിംഹാസനത്തെ വീണ്ടെടുത്ത് മലങ്കരയുടെ മണ്ണിൽ പുനഃപ്രതിഷ്ഠിക്കാനായതും അദ്ദേഹത്തിന്റെ കൈകൾക്ക് തന്നെയാണ്. ഉത്തരവാദിത്വങ്ങൾ മറക്കാതിരിക്കുക എന്നതുതന്നെയാണ് ആത്മീയതയുടെ നിർവചനം എന്ന് എന്നും നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. മലങ്കരസഭാസുരൻ സഭയുടെ അസ്ഥിത്വവും അസ്തിയും ചോദ്യം ചെയ്യപ്പെട്ട വിധിനിർണ്ണായകരമായ മുഹൂർത്തങ്ങളിൽ പരിശുദ്ധന്റെ ധീരോദാത്തമായ പ്രഭാഷണങ്ങൾ ചരിത്ര പ്രസിദ്ധങ്ങളാണ്. നിയോഗ ങ്ങളെക്കുറിച്ചുള്ള നിരന്തരമായ ബോധ്യത്തിന്റെ ഓർമ്മപ്പെടുത്തലുകൾ തലമുറകൾക്കിപ്പുറവും സഭാ സ്നേഹികളുടെ സിരകളിൽ ഊർജ്ജം പകരുവാൻ കെൽപ്പുള്ളവയാണ്.

ഭാരത ക്രൈസ്തവരുടെ ആത്മീയമായ എല്ലാ കാര്യങ്ങളുടെയും പ്രധാനകാര്യദർശിയായി അദ്ദേഹം കാതോലിക്കാ സ്ഥാനത്തെ കണ്ടു. ചില കാഴ്ചകൾക്കപ്പുറത്ത് ദർശനത്തിന്റെ പരിധിയിൽ വരുന്ന അദ്ദേഹത്തിന്റെ ചിന്തകളുടെ പരിണിത ഫലമാണ് നമ്മുടെ ഇന്നിന്റെ സഭ. അത്തരം ചില സ്വാതന്ത്ര്യങ്ങളിൽ നിന്നുള്ള നേരിയ കുറവുകൾക്കെതിരെപ്പോലും ഗർജ്ജിക്കുന്നതായിരുന്നു ആ നസ്രാണി സിംഹത്തിന് പരിചിതം. റോമിലോ, സിറിയയിലോ മാനം കറുത്താൽ ഇവിടെ പതിക്കുന്ന ഒരു സ്ഥാനത്തിനും അദ്ദേഹത്തെ തൃപ്തനാക്കുവാൻ കഴിഞ്ഞില്ല. പ്രാർത്ഥകൾ മലയാള ഭാഷയിൽ അച്ചടിക്കുന്നത് പാപമായിരുന്ന ഒരു കാലഘട്ടത്തിലാണ് വി. കുർബ്ബാന സമ്പൂർണ്ണമായി പ്രാദേശീക ഭാഷയിലേക്ക് കൊണ്ടുവന്ന് ആരാധനയുടെ അർത്ഥതലങ്ങളിലേക്ക് ഒരു സമൂഹത്തെ നയിച്ചത്. പുരോഗമനവാദി എന്ന പേരിൽ വിളിച്ചു പരിചയമാകുമ്പോഴേക്കും സഭയുടെ പുരോഗമനങ്ങൾ ലക്ഷ്യമാക്കി പരിശുദ്ധ പിതാവ് തന്റെ പാന്ഥാവിൽ വിഹാരം തുടങ്ങിയിരുന്നു.

ഭാരതത്തിന്റെയും മലങ്കരയുടെയും പ്രഥമ പ്രഖ്യാപിത പരിശുദ്ധന്റെ വാത്സല്യശിഷ്യനായിരുന്ന പ. വട്ടശ്ശേരിൽ തിരുമേനി ഗുരുവിന്റെ പരിശുദ്ധജീവിതത്തിന്റെ പരിശുദ്ധി കൈവെടിയാതെ ജീവിതത്തിൽ സൂക്ഷിച്ച് പ്രകടനപരത തൊട്ടുതീണ്ടിയിട്ടില്ലാത്ത ആത്മീയതയുടെ നിറകുടമാകാനും നിഷ്ഠയുള്ള ജീവിതത്തിന്റെ വക്താവാകാനും പ. പിതാവിന് സാധിച്ചു.

പ. പിതാവിന്റെ കബറിൽ മായാതെ കാണുന്ന ഒരു വരി ഇങ്ങനെ ഉണ്ട്. കാലം മായ്ചുകളയാത്ത ഓർമ്മകളാണ് ആ പരിശുദ്ധൻ ബാക്കിവയ്ക്കുന്നത്. മങ്ങാതെ ജ്വലിക്കുന്ന ഓർമ്മയും പ്രഘോഷിക്കപ്പെടുന്ന ചരിത്രങ്ങളും നമ്മുടെ ജീവിതത്തിലും നന്മയുടെയും മാറ്റങ്ങളും നിയോഗങ്ങളുടെ ഏറ്റെടുക്കലുകളും കൊണ്ടുവരട്ടെ.

Time will not Dim His Glory

# Diocesan NEWS

## 11th Annual Remembrance Day of Late Lamented Dr. Stephanos Mar Theodosius Organized at St. Thomas Mission Center, Kailash Nagar

